# Hello Hope
# ഹലോ ഹോപ്പ്
---Hope Harbour for Believers---

+973 38383399

HelloHope

GULF EDITION

For private circulation only | Issue No. 20, April 2019 | Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN


# SPIRITUAL LEADERSHIP AND ITS SUCCESSION



Dr. P C Abraham

### *1. Different Leadership styles in Biblical History*

The Bible is replete with various kinds of leadership styles. It presents Egocentric leaders like Lucifer and Nebuchadnezzar who vehemently aspired for higher levels of adoration and worship from their peers. They were least bothered about the welfare and social needs of others. Biblical history proves that such selfish leaders will eventually be dethroned and end up in failure and remorse.

There are others who are heavily charged and passionate leaders who are focused on achieving their personal goals, often found perverted. They may end up in achieving their goal after investing all their resources to realize that they were driven by misguided ambitions. They were chasing a mirage. They see that their followers one by one deserted them at the end. King Saul is a classic example to such failed leadership.

There are Inspirational leaders who motivates others to join them as they share their vision and invite them to get involved in jointly achieving the set goal. They believe that own success does not measure up to be a real success if the participants are excluded from the sharing in of the celebrations. Nehemiah excel in Old Testament history as an Inspirational leader.

Yet again there are Transformational leaders who are change agents. They bring about paradigm shift. They not only move people towards the set goal but also make them own the goal and let them work with them in realizing the common goal. In doing so, they themselves as well as their peers are transformed. Their goal is periodically renewed and evolved in response to the newer and updated demands and needs of the society. Such leadership is dynamic, inspirational and innovative. They believe not in blindly following the past leadership style but adapting to address the current challenges and priorities. Moses and Joshua are distinguished transformational leaders of the Old Testament. Moses took a bunch of Jewish slaves in Egypt and transformed them into a nation under one flag to march through the Sinai desert for forty years causing terror to the neighboring nations. Joshua took them into the Promised Land and allowed them to settle as a free nation of Israel.

Jesus Christ is the transformational leader par excellence in initiating a continuous change in the life of his followers that is passed down the generations even to us after a couple of millennia. Transformational leadership is self-motivated, and hence it is sustainable. It is energized by God, driven by selfless passion to serve and directed not towards self-aggrandizement or ego mania but in emptying oneself to the benefit of others. They have confidence, courage and conviction to make personal sacrifices to the greater good of their peers.


*(Continued on Page 14)*




# ഉപവാസം
## പുതിയനിയമ അർത്ഥവും ഇന്നിന്റെ പ്രവണതകളും



**പാസ്റ്റർ ടൈറ്റസ് ജോൺസൻ**

വേദഗ്രന്ഥത്തോടും, ധാർമ്മിക ആത്മീയ മൂല്യങ്ങളോടും ജീവിതത്തെ തുലനം ചെയ്തു കുറവുകളെ കണ്ടെത്തി പുന:ക്രമീകരിക്കുന്നതിനുള്ള അവസരമായാണ് പൊതുവേ മതചിന്തകളിൽ ഉപവാസത്തെ കരുതുന്നത്. ഉപവാസം, നോമ്പ്, വ്രതം, തുടങ്ങിയുള്ള പേരുകളിൽ എല്ലാ മതങ്ങളും വിവിധ രീതികളിൽ ഉപവാസത്തെ അംഗീകരിക്കുന്നു, അനുവർത്തിക്കുന്നു.വേദപുസ്തകത്തിൽ പഴയനിയമം യഹൂദ ഉപവാസത്തിന്റെ വിവിധ രീതികളെപ്പറ്റി പ്രസ്താവിക്കുന്നു. പല സന്ദർഭങ്ങളിൽ യിസ്രായേൽ ജനങ്ങൾ വ്യക്തിപരമായും കൂട്ടമായും ഉപവസിച്ചതിന്റെ ഉദാഹരണങ്ങൾ പഴയനിയമത്തിൽ പലയിടത്തുമുണ്ട്. എന്നാൽ പുതിയനിയമം ഉപവാസത്തിന് എന്ത് അർത്ഥമാണ് നൽകുന്നത്? യേശു ഉപവാസത്തിന് പുതിയനിയമ വ്യാഖ്യാനം നൽകുന്നു. അത് മനസ്സിലാക്കി വേണം നാം ഉപവാസത്തിന് ക്രിസ്തീയ അർത്ഥം നല്കുവാനും അനുവർത്തിക്കുവാനും! യേശു ഭൂമിജീവിതത്തിൽ പരിഷ്കരിച്ചു നൽകിയതിനെ ആ അർത്ഥത്തിലും നിലയിലും മനസ്സിലാക്കാതെ, ദുർവ്യാഖ്യാനം ചെയ്യുന്ന ഒരു രീതി പല വേദഭാഗങ്ങൾ വ്യാഖ്യാനിക്കുന്നതിലും ക്രിസ്തീയ സമൂഹം പിന്തുടരുന്നുവോ എന്ന് ഈ എഴുത്തുകാരൻ സന്ദേഹിക്കുന്നു. നഗൗരവമായി തിരുവചനത്തെ വായിച്ചു പഠിച്ചു ഗ്രഹിക്കാതെ കേട്ടുകേഴ്വികളെ പിന്തുടരുന്നതിലൂടെ യഥാർത്ഥ അർത്ഥത്തിൽനിന്നും നാം അകലുകയാണ്. പഴയനിയമ ദൈവാലയ കർമ്മങ്ങളിൽനിന്നും വിഭിന്നമായ ആരാധനാ പ്രമാണങ്ങളിലേക്ക് ക്രിസ്തുവും പുതിയനിയമവും നമ്മെ നയിക്കുന്നു. യേശുവിന്റെ ഉപദേശങ്ങളും ആത്മീയതയും മോശൈകപൈതൃകങ്ങളിൽ നിന്നും വ്യത്യസ്തമാണെന്ന് ക്രമേണ മനസ്സിലാക്കിയ യഹൂദ സമൂഹം യേശുവിനെയും അനുയായികളെയും ഉൾക്കൊള്ളാത്ത നിലയിലായി എന്നത് ഇതിനു ഉദാഹരണമാണ്. അക്ഷരീകവും ബാഹ്യവുമായതിൽ നിന്നും ആന്തരീകമായതിലേക്ക് യേശു ജനത്തിൻറെ ശ്രദ്ധക്ഷണിച്ചു. പഴയനിയമത്തിൽ തുടർന്നുവന്ന പല കർമ്മങ്ങളും യേശുവിൻറെ ജീവിതത്തിൽ നിവർത്തിയായി.


*.....ശേഷം 15 -ാം പേജിൽ*




# മഹത്വവാഹികൾ ആയിരിക്കുക...

മുഖ പ്രസംഗം



**രാജീവ് സ്റ്റുവർട്ട്**
ചീഫ് എഡിറ്റർ

ഈ ലോകത്തിൽ ദൈവമഹത്വം വഹിക്കുന്ന ചില പാത്രങ്ങൾ ഉണ്ടാകുവാൻ ദൈവം ആഗ്രഹിക്കുന്നു. മഹത്വം നിറഞ്ഞ ഒരു ജനം ഉണ്ടാകുക എന്നാതാണ് ദൈവീക ഉദ്ദേശം. സ്വർഗ്ഗീയമായ ഒരു വീണ്ടും ജനനം എന്നത്, മഹത്വം ഇല്ലാതിരിക്കുന്ന അവസ്ഥയ്ക്ക് മാറ്റം വന്നിട്ട് ദൈവമഹത്വം ഒരുവനിൽ നിറയ്ക്കുക എന്നതാണ്. ഞാനും നിങ്ങളും പൂർണ്ണ അന്ധകാരമായിരുന്നു. എന്നാൽ ദൈവമഹത്വം നമ്മെ പ്രകാശമാക്കി മാറ്റി. മാത്രമല്ല ദൈവമഹത്വം, യേശുക്രിസ്തുവിന്റെ മുഖത്തുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനത്തിന്റെ പ്രകാശത്തിലേക്ക് നമ്മെ കൂടുതൽ കൂടുതൽ നയിക്കുകയും ചെയ്യുന്നു.

പല ആളുകളും ചിന്തിക്കാൻ കഴിവുള്ളവരാണ്. എന്നാൽ തങ്ങളുടെ ചിന്തയിൽ അവർ നിരാശപ്പെട്ടുപോയിട്ടുണ്ട്. മുമ്പോട്ടു പോകുന്തോറും കാര്യങ്ങൾ എളുപ്പവും ശോഭനവും സന്തോഷപ്രദവും ആയിരിക്കുമെന്ന് അവർ ചിന്തിച്ചു. പക്ഷെ ലോകത്ത് എവിടെയുമുള്ള വിശുദ്ധന്മാരുടെ സാഹചര്യങ്ങളും ചുറ്റുപാടുകളും പരിഗണിക്കുമ്പോൾ അത് ശരിയാണെന്ന് കാണുന്നില്ല. യിസ്രായേൽ നമുക്ക് ദൃഷ്ടാന്തമാണ്. മേഘം മുമ്പോട്ടു പോയപ്പോൾ അവർ മുമ്പോട്ടുപോയി. പക്ഷെ മേഘം അവരെ മരുഭൂമിയിലെത്തിച്ചു. മാറായ്ക്കു ശേഷം അത് അവരെ എലീമിലെത്തിച്ചു. അവിടെ പന്ത്രണ്ടു നീരുറവും എഴുപത് ഈന്തപ്പനയുമുണ്ടായിരുന്നു. ഹല്ലേല്ലൂയ്യാ! നമ്മൾ എത്തിപ്പോയി എന്നവർ പറഞ്ഞു. അത് വളരെ ആവേശകരമായിരുന്നു. പക്ഷെ മൂന്നു ദിവസങ്ങൾക്കുശേഷം മേഘം അവരെ പിന്നേയും ഊഷര മരുഭൂമിയിലെത്തിച്ചു. എന്താണ് സംഭവിക്കുന്നതെന്ന് നാം ആശ്ചര്യപ്പെടാറുണ്ട്. അവരുടെ ഹൃദയങ്ങളും ആഗ്രഹങ്ങളും നിർമ്മലമാകുന്നതുവരെ തൃപ്തിപ്പെടാത്ത, സ്നേഹവാനായ, ഒരു ദൈവത്തെയാണ് നമുക്ക് ഇവിടെ കാണാൻ കഴിയുന്നത്.

നമ്മുടെ ഉള്ളിലുള്ള അന്ധകാരവുമായി എവിടെങ്കിലും ആയിരിപ്പാൻ ദൈവം അനുവദിക്കുകയില്ല. ജനം മിസ്രയീമിൽ നിന്ന് പുറപ്പെട്ടുവന്നപ്പോൾ അവരുടെ ഉള്ളിലുണ്ടായിരുന്ന കൈപ്പുമായി ദൈവം ഇടപ്പെട്ടു. പിന്നെ അവൻ അവന്റെ കരുതലിനോടുള്ള അവരുടെ മനോഭാവം എന്തെന്ന് അറിയാൻ ആഗ്രഹിച്ചു. തുടർന്ന് അവൻ അവർക്ക് മന്നാ കൊടുത്തു. അവർ മരുഭൂമിയിലാണ്, കാഠിന്യമേറിയ സാഹചര്യങ്ങളെ അവർ അഭിമുഖികരിക്കേണ്ടി വന്നു. വെള്ളം ഉണ്ടായിരുന്ന സ്ഥലത്ത് അവർ വളരെ കുറച്ചു സമയമേ ചിലവഴിച്ചുള്ളൂ. എങ്കിലും ദൈവമഹത്വം അവരെ അനുഗമിക്കുകയും എത്തിക്കേണ്ടയിടത്ത് അവരെ എത്തിക്കുകയും ചെയ്തു. അതുപോലെ നാമും പല പ്രതിസന്ധികളിലൂടെ കടന്നുപോകുന്നവരാണെങ്കിലും ദൈവമഹത്വം വഹിക്കുന്നവരായിരുന്നാൽ പര്യവസാനം എന്നത് ഉൾപ്രാപണം എന്ന് മഹത്വമേറിയ ആത്മീക അവസ്ഥയായിരിക്കും.

നിത്യമഹത്വത്തിലുള്ള പ്രകാശത്തിന്റെ ഓരോ കണവും, അതായത് ദൈവമഹത്വം നമ്മിലും നമ്മിൽകൂടിയും വെളിപ്പെടുത്തണം. പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് ആത്മീക ഇന്ദ്രിയങ്ങളുള്ള ഒരു പുതിയ മനുഷ്യനെ ധരിച്ചെങ്കിൽ മാത്രമേ ഇത് സാധ്യമാകുകയുള്ളൂ. ദൈവീക മഹത്വം വഹിക്കുന്നവരാകണമെങ്കിൽ നാം ക്രിസ്തുവിൽ ആയിത്തീർന്നേ മതിയാവൂ. 'ക്രിസ്തുവിൽ' എന്ന വാക്കുകൾക്ക് വളരെ പ്രാധാന്യം കൊടുക്കണം. യേശുക്രിസ്തുവിൽ വസിച്ചല്ലാതെ നമുക്ക് സ്വയം മഹത്വവാഹികളാകാൻ കഴിയില്ല. ദൈവത്തിന്റെ മഹത്വം വഹിക്കുന്ന കാര്യത്തിൽ പ്രാകൃതമനുഷ്യന് ഒരു സ്ഥാനവുമില്ല, മരണമായിരിക്കും അതിന്റെ ഫലം. പ്രാകൃതമനുഷ്യന് ദൈവത്തിന്റെ ഉദ്ദേശത്തിലേക്ക് വരുന്നതിനോ അവന്റെ മഹത്വം വഹിക്കുന്നതിനോ കഴിയുകയില്ല.

മനഃശാസ്ത്രം ഒരു പുതിയ ശാസ്ത്രശാഖയാണ്. മനഃശാസ്ത്രം മനുഷ്യന്റെ മനസ്സിനെപ്പറ്റിയാണ് പറയുന്നത്. അവന്റെ ഇന്ദ്രിയങ്ങൾ വളരെയധികം വികാസം പ്രാപിച്ചവ ആയതിനാൽ മനുഷ്യൻ വളരെ സമർത്ഥനും ബുദ്ധിമാനും പരിശീലനം ലഭിച്ചവനുമാണ്. പക്ഷെ ദൈവമഹത്വത്തെക്കുറിച്ച് അറിയുന്നതിന് ഈ മനുഷ്യൻ അപ്രാപ്തനാണ്. ഈ മനുഷ്യന് ദൈവമഹത്വത്തെക്കുറിച്ചുള്ള അറിവിന്റെ ഒരു നേരിയ പ്രകാശമെങ്കിലും ലഭിക്കുന്നതിന് അവനിൽ ഒരു അത്ഭുതം നടക്കണം. ഒരിക്കലും കാഴ്ച പ്രാപിച്ചിട്ടില്ലാത്ത അവന്റെ ആത്മീയ കണ്ണുകൾക്ക് കാഴ്ച ലഭിക്കണം. എങ്കിൽ മാത്രമേ അതൊരു വെളിപ്പാടായി അവന് ലഭിക്കുകയുള്ളൂ.

നാം പ്രാപിച്ച കാഴ്ചപ്പാടുകൾക്കനുസൃതമായി ദൈവമഹത്വം കടത്തിവിടുന്ന നല്ല ചാലകങ്ങളായി നമുക്ക് മാറാം.

# The King Who Remembers My Name



Joel George Jacob

*"After all, God is God, because He remembers"*

Do you ever feel like there is a lot going on in your life and nobody seems to care, and everybody just forgot you. And no, I am not talking about the time your friends forgot your birthday or your best friend didn't wish you on your anniversary. When things are going really bad in your life and it seems like you need somebody to care for you and nobody remembers you? Most of the people have gone through this. And it is tough. How you wish somebody remembered you. Hoping that the people around you remembered you at all times and not just when your results are published or you get a good job. But when things don't go your way, when all you need is somebody to know what you are going through and to comfort you and speak to you. Let me tell you, not everybody forgets. There is somebody who remembers you at all times, there is a person who calls you by your name and the world lovingly calls him Jesus. He's a friend!

"He remembers you, trust me if He didn't you wouldn't be here" The most selling book in the world is filled with stories of people who was remembered by this God. Life is not easy for everyone, there are rainbows and there are storms, there are bed of roses and there are paths of thorns and a person goes through all of this. You may have a lot of people remembering you when it's all sunshine and rainbows, but when you are on the road of pain, struggling for comfort, going through things where you feel like you can't take it any longer, when it feels like the world around you is crumbling down and just when you think that you can't move any further, if you listen carefully you'll hear a still small voice, and that is the voice of the king who remembers your name. He knows everything that is happening to you, then why the worry? God makes promises to all those He loves, unlike the promises made by people, God sticks to his words. His promises are yes and always yes. Because he loves us, the way he loves us is indescribable and it transcends our understandings.

So the next time it feels like life is being hard on you, and when it feels like there is no way out, and when it feels like the end of your life and the next time you drop a tear, remember the King is right there, with you, holding your arms, wiping your tears, smiling at you and saying, 'I know you, trust me it's going to be all right!'. So just sit back and relax, He knows your name and he's got it all under control.

He names the stars and no wonder he knows your name!



# ICPF BAHRAIN CHAPTER OFFICE BEARERS FOR THE YEAR 2019-2020



**Bibin M Baby**
President
Bethesda Bahrain (IPC)



**Ginzy Mathew**
Vice President
IPC Shalom



**Joel Mathew**
Secretary
IPC Hebron



**Paul George Babu**
Joint Secretary
Assemblies Of God



**Sam David Joy**
Treasurer
Full Gospel Church of Suvartha



**Anish Geevarghese**
Joint Treasurer
Church of God, Aali



**Sabu George**
Committee Member
Philadelphia Church



**Emmanuel David**
Committee Member
IPC Bahrain



**Jinson John**
Committee Member
Bahrain Church of Living God



**Kevin John Robert**
Committee Member
Sharon Fellowship Church

## പാസ്റ്റർ ഷാജി വി. ജോണിന് യാത്ര അയപ്പ് നൽകി





ബഹറിൻ ബഥേൽ പെന്തക്കോസ്റ്റൽ ചർച്ചിന്റെ ശുശ്രൂഷകനായിരുന്ന പാസ്റ്റർ ഷാജി വി. ജോണിനും കുടുംബത്തിനും സെഗയ്യയിൽ പുതുതായി നിർമ്മിച്ച സഭാ ഹാളിൽ വച്ച് യാത്രയയപ്പ് നൽകി.



# ആത്മാവിലെ എരിവും പരിജ്ഞാനത്തിന്റെ പരിമളവും – അപ്പൊല്ലോസ്






ഡോ. ജോർജ് മാത്യു


ഞാൻ നട്ടു, ഞാൻ നനച്ചു , എന്മൂലം വളർന്നു എന്ന് ഭൂമിയിലുള്ള തങ്ങളുടെ സഭകളെക്കുറിച്ചു മനസ്സിലെങ്കിലും, (ചിലർ ഉറക്കേയും) വിചാരിക്കുന്ന സുവിശേഷ കർഷകരുള്ള ഈ മഹാ രക്ഷാ യാത്രയിൽ, ക്രിസ്തു വിഭജിക്കപ്പെടുന്നു എന്ന യാഥാർഥ്യം മനസ്സിലാക്കി ,സ്വയത്തെ മറന്നു, പ്രശംസ മറന്നു, പദവിയെ തൃജിച്ചു, കർത്താവിനു വേണ്ടി അനുസരണത്തോടും, സമർപ്പണ ത്തോടും, പരിജ്ഞാനത്തോടും, വിവേകത്തോടും കൂടെ പോരാടിയ ഒരു സുവിശേഷ വീരനായിരുന്നു അപ്പൊല്ലോസ്.

അലക്സാഡ്രിയ കാരനായ ഒരുവനെ, സകല കാലത്തിനും മുമ്പെ ക്രിസ്തുവിൽ തിരഞ്ഞെ ടുത്തു, എഫെസൊസിൽ അയച്ചു, പൗലോസ് അപ്പോസ്തോലനോടൊപ്പവും, തനിയെയും, യേശുവിന്റെ രക്ഷണ്യ പ്രവർത്തി, യെഹൂദന്മാരുടെയും, ജാതിയുടെയും ഇടയിൽ പ്രസ്താവിക്കുവാൻ, പരിശുദ്ധമാവിൽ നിയോഗം ലഭിച്ച , അപ്പൊല്ലോസ്, അനുകരിക്കുവാൻ കഴിയുന്ന, ക്രിസ്തീയ നൽ വരങ്ങളുടെ ഉടമയും , ആത്മാവിൽ തന്റെ വേല തികയ്ക്കയും ചെയ്ത പരിജ്ഞാനിയായ ദൈവദാസനായിരുന്നു.

പൗലോസിന്റെ തക്ക സമയത്തെ ഹൃദ്യമായ ഇടപെടലുകൽ, അപ്പൊല്ലോസിനെ കൂടുതൽ വിനയാന്വിതനാക്കുകയും, ഉപദേശ വിഷയങ്ങളിൽ ഉറപ്പിക്കുകയും ചെയ്തു. പൗലോസ് അപോസ്തോലൻ വിതച്ച സുവിശേഷ വിത്തുകളെ ശ്രദ്ധയോടെ പരിപാലിക്കുവാനുള്ള നിയോഗം, പരിശുദ്ധാത്മാവിൽ ഏറ്റെടുക്കുകയും നിർവഹിക്കുകയും ചെയ്‌വാൻ തനിക്കു കഴിഞ്ഞുവെന്നു തിരുവചനം സാക്ഷിക്കുന്നു. വിഭചനക്കാർ, സഭയിൽ പല പക്ഷങ്ങൾ ഉണ്ടാക്കുവാൻ ശ്രമിച്ചപ്പോൾ ക്രിസ്തുവിനെ ഭാഗം വയ്ക്കുവാൻ വാദിച്ചപ്പോൾ പൗലോസ് അപ്പൊസ്തലന്റെ ഉപദേശം അനുസരിച്ചു, ആ പ്രലോഭനത്തിൽ നിന്നും, അകന്നു നിൽക്കുകയും, സഭ പിളർ ക്കുവാൻ കച്ച കെട്ടിയിറങ്ങിയ, വിഭജന വീരന്മാരായ പക്ഷക്കാരെ ലഞ്ജിപ്പിക്കുകയും ചെയ്തു . വചന പരിജ്ഞാനത്തിലൂടെയും, വാക്ചാതുര്യത്തിലൂടെയും, യെഹൂദന്മാരുടെ ആത്മീയ അഹങ്കാരത്തെ ഖണ്ഡിച്ചു, യേശു രക്ഷകനും ക്രിസ്തുവുമാണെന്നു ഖണ്ഡിതമായി തെളിയിക്കുവാൻ ദൈവാത്മാവ് ഉപയോഗിച്ച അനുഗ്രഹീത കർത്തൃദാസനായിരുന്ന അപ്പെല്ലോസിനെയും അദ്ദേഹത്തിന്റെ ശുശ്രൂഷകളെയും കുറിച്ച് ധ്യാനിക്കുവാൻ നമ്മുക്ക് പരിശ്രമിക്കാം.

ജാതികളുടെ ഇടയിൽ യേശു രക്ഷകനെന്നും, ക്രിസ്തുവാണെന്നും, ശക്തമായി തെളിയിക്കുവാൻ ദൈവം തിരഞ്ഞെടുത്ത ഒരു ശുശ്രുഷകനായിരുന്നു അപ്പൊല്ലോസ്. അലക്സാഡ്രിയൻ വേരുകളുള്ള യെഹൂദനും, തികഞ്ഞ വാഗ്മിയും, പരിജ്ഞാനിയുമായിരു അപ്പൊല്ലോസ്. എ.ഡി 54 ൽ എഫസോസിൽ എത്തുകയും അവിടെ യേശുവിനെ പ്രസംഗിക്കുകയും ചെയ്തു. പൗലോസ് അപോസൊതലന്റെ മൂന്നാം മിഷനറി യാത്രയിൽ, അപ്പൊല്ലോസ് എഫസോസിൽ എത്തി. അപോസ്തോല പ്രവർത്തികൾ 18: 24,25 വാകൃങ്ങളിലൂടെ അപ്പൊല്ലോസിനെ നമുക്ക് കൂടുതൽ അടുത്തറിയുവാൻ കഴിയുന്നു.

‘അലക്സാന്ത്രിയക്കാരനായി വാക് വൈഭവവും തിരുവെഴുത്തുകളിൽ സാമർത്ഥ്യവുമുള്ള അപ്പൊല്ലോസ് എന്നു പേരുള്ളോരു യെഹൂദൻ എഫെസോസിൽ എത്തി. അവൻ വാക്ചാതുര്യമുള്ള ഒരു മനുഷ്യനായിരുന്നു. അവൻ കർത്താവിന്റെ മാർഗ്ഗത്തിൽ ഉപദേശം ലഭിച്ചവൻ ആയിരുന്നു; യോഹന്നാന്റെ സ്നാനത്തെക്കുറിച്ചു മാത്രം അറിഞ്ഞിരുന്നു എങ്കിലും ആത്മാവിൽ എരിവുള്ളവനാകയാൽ അവൻ യേശുവിന്റെ വസ്തുത സൂക്ഷ്മമായി പ്രസ്താവിക്കയും ഉപദേശിക്കയും ചെയ്തു‘. ഇവിടെ അപ്പൊല്ലോസിന്റെ സവിശേഷമായ ചില ഗുണങ്ങൾ നാം മനസ്സിലാക്കുന്നു.

വാക്ചാതുര്യമുള്ളവനും, തിരുവെഴുത്തുകളിൽ സാമർത്ഥ്യമുള്ളവനും, കർത്താവിനെക്കുറിച്ചുള്ള അറിവ് ലഭിച്ചവനും, സർവോപരി, ആത്മാവിൽ എരിവുള്ളവനും ആയിരുന്നു അപ്പൊല്ലോസ് . ഒരു സുവിശേഷകന് വേണ്ട മിക്കവാറും എല്ലാ യോഗ്യതകളുമുള്ള ഒരു വ്യക്തിത്വമായിരുന്നു അപ്പൊല്ലോസ്. എന്നാൽ തനിക്കു യോഹന്നാന്റെ മാനസാന്തരം സ്നാനത്തെക്കുറിച്ചു മാത്രമേ അറിവുണ്ടായിരുന്നുള്ളൂ. കൂടാതെ തന്റെ വചന ശുശ്രുക്ഷ എരിവുള്ളതായിരുന്നുവെങ്കിലും ചില വിഷയങ്ങളിൽ തനിക്കു കൂടുതൽ അറിവും നിർദ്ദേശങ്ങളും ആവശ്യമായിരുതിനാൽ പരിശുദ്ധാത്മാവ് തന്നെ അകിലാസിലേക്കും, പ്രിസ്കിലാവിലേക്കും നയിച്ചതായി നമുക്ക് വചനത്തിൽ പഠിക്കുവാൻ കഴിയുന്നു.

അവൻ പള്ളിയിൽ പ്രാഗത്ഭ്യത്തോടെ പ്രസംഗിച്ചുതുടങ്ങി; അകിലാസും പ്രിസ്കില്ലയും അവന്റെ പ്രസംഗം കേട്ടാറെ അവനെ ചേർത്തുകൊണ്ടു ദൈവത്തിന്റെ മാർഗ്ഗം അധികം സ്പഷ്ടമായി അവനു തെളിയിച്ചു കൊടുത്തു. Acts 18: 26 ആത്മ സ്നാനത്തെക്കുറിച്ചുള്ള അറിവ് തനിക്കു അകിലാസിൽ നിന്നും പ്രിസ്കിലയിൽ നിന്നും ലഭിച്ചു എങ്കിലും എഫെസോസ് സഭയിൽ, അത് ശരിയായി പഠിപ്പിക്കുന്നതിനു മുമ്പ് തന്നെ താൻ അഖായിലേക്കു പോകുകയും, അവിടെ പ്രവർത്തിക്കുകയും ചെയതായി വചനത്തിൽ നാം കാണുന്നു. പൗലോസ് എഫെസൊസിൽ എത്തിയപ്പോൾ അവിടെ കണ്ട വിഭാഗീയ വാഗ്വാദങ്ങൾ തന്നെ ദുഖിതനാക്കുകയും അതിൽ പ്രതികരിക്കുകയും ചെയ്തു. അപ്പൊല്ലോസ് പോലും അറിയാതെ തന്റെ പേരിൽ ഒരു ഗ്രൂപ്പ് ഉളവായി വരുന്നത് വേദനയോടു താൻ നോക്കി ക്കാണുകയാണ്.

ഈ വിഭാഗീയത, ഗ്രൂപ്പ് കളി അന്ന് തുടങ്ങിയത് ഇന്നും വേറെ രൂപത്തിലും ഭാവത്തിലും പല സഭകളിലും പ്രകടമാണ്. ആധികാരത്തിനു വേണ്ടി ഉടമസ്ഥാവകാശത്തിനു വേണ്ടി സഭയെയും വിശ്വാസികളെയും കുടുംബസ്വത്താക്കുന്ന എഫെസോസ് വിഭാഗീയത, ഇന്നും നമ്മുടെ ചുറ്റുമുള്ള പല സഭകളിലും നമുക്ക് കാണുവാൻ കഴിയുന്നുണ്ട്. വളരുന്തോറും പിളരുകയും ദുരുപദേശങ്ങൾ പ്രചരിപ്പിച്ചു ആളുകളെ കൂട്ടി സുവിശേഷ സത്യങ്ങളെ കളങ്കപ്പെടുത്തുകയും ചെയുന്ന ഒരു വലിയ കൂട്ടം നമ്മുടെ ചുറ്റും പരുന്തുകൾ പോലെ രാകി പറക്കുന്നുണ്ട് . അവരുടെ വലയിൽ വീണു പോകാതെ, നേതാക്കന്മാർ ആകുവാൻ നോക്കാതെ. ഉപദേശ വിഷയങ്ങളിൽ മാലിന്യം കലർത്താതെ അധികാരത്തിന്റെ പ്രലോഭകണങ്ങളിൽ വീണു പോകാതെ, കർത്താവിനു വേണ്ടി ആത്മാവിൽ എരിവോടെ നിൽക്കുവാൻ ദൈവാത്മാവ് നമ്മെ ഏവരെയും സഹായിക്കട്ടെ.




## മുട്ട ദിവസേന കഴിച്ചാൽ കുഴപ്പമുണ്ടോ?

മുട്ട ഏറെ പോഷക ഗുണങ്ങളുള്ള ഒരു ആഹാരമാണ്. ധാരാളം പ്രോട്ടിൻ മുട്ടയിൽ അടങ്ങിയിട്ടുണ്ട്. എന്നാൽ ദിവസേന മുട്ട കഴിക്കുന്നതു വഴി കൊളൊസ്ട്രോൾ വർദ്ധിക്കും എന്നെല്ലാമുള്ള തെറ്റിദ്ധാരണകൾ ആളുകളുടെ ഇടയിൽ ഉണ്ട്.

മുട്ടയിൽ ഉയർന്ന അളവിൽ ഡയറ്ററി കൊളസ്ട്രോൾ അടങ്ങിയിട്ടുണ്ട് എന്നത് വാസ്തവമാണ്. എന്നാൽ കൊളസ്ട്രോൾ ലെവൽ ഉയർത്തുന്നത് സാച്ചുറേറ്റഡ് ഫാറ്റ് ആണ്. അതിനാൽ കൊളസ്ട്രോൾ വർദ്ധിക്കും എന്ന് പറയുന്നതിൽ കാര്യമില്ല. മുട്ടയിൽ അടങ്ങിയിരിക്കുന്നത് എച്ച് ഡി എൽ കൊളസ്ട്രോളാണ്. അതായത് നല്ല കൊളസ്ട്രോൾ ഇതിന്റെ അളവ് ഉയരുന്നത് ആരോഗ്യത്തിന് ഏറെ നല്ലതാണ്.

മുട്ട ആരോഗ്യത്തിന് ഏറെ ഗുണകരമാണെങ്കിലും മുട്ടയുടെ മഞ്ഞ ദിവസേന കഴിക്കുന്നത് അത്ര നല്ലതല്ല എന്നു തന്നെയാണ് ആരോഗ്യ വദഗ്ദരുടെ അഭപ്രായം. കൊളസ്ട്രോൾ ഇല്ലാത്തവർ ആഴ്ചയിൽ ആറു മുട്ട വരെ കഴിയ്ക്കാം. കൊളസ്ട്രോൾ ഉള്ളവർ മഞ്ഞക്കരു ഒഴിവാക്കി നാലു മുട്ടവരെയാകാം. മുട്ട എണ്ണ ചേർത്തുണ്ടാക്കാതെ പുഴുങ്ങി കഴിക്കുന്നതാണ് ആരോഗ്യത്തിന് ഗുണകരം.

# ജീവിതം സന്ദേശമാക്കിയ പോരാളി

- ടീയെസ് കപ്പമാംമൂട്ടിൽ



***അപ്രതീക്ഷിതമായ നേരത്ത് താല്ക്കാലികമായി വിടചൊല്ലി നിത്യതയുടെ തീരങ്ങളിലേക്ക് യാത്രയായ ഞങ്ങളുടെ ജ്യേഷ്ഠസഹോദരൻ- ഞങ്ങൾ ബേബിക്കുട്ടിച്ചായനെന്ന് സ്നേഹപുരസ്പരം വിളിച്ചിരുന്ന കോട്ടയം പുത്തൻപറമ്പിൽ ബ്രദർ പി.എം. ചെറിയാൻ. സമാനതകളില്ലാത്ത വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന അദ്ദേഹം കഴിഞ്ഞ ദീർഘവർഷങ്ങളായി ആത്മീയ മണ്ഡലത്തിൽ നിറഞ്ഞുനിന്നിരുന്ന ഒരു ക്രൈസ്തവ പോരാളിയായിരുന്നു.***

നാല്പത്തിയൊമ്പതു വർഷങ്ങൾക്കു മുമ്പാണ് ഞങ്ങളുടെ മൂത്ത സഹോദരി ലീലമ്മാമയുടെ ജീവിത പങ്കാളിയായി ബേബിക്കുട്ടിച്ചായൻ ഞങ്ങളുടെ ജീവിത്തിലേക്ക് കടന്നു വന്നത്. അദ്ദേഹം ഞങ്ങളുടെ ജ്യേഷ്ഠസഹോദരൻ മാത്രമായിരുന്നില്ല. പിതാവിന്റെ സ്ഥാനമാണ് ഞങ്ങൾ അദ്ദേഹത്തിന് നല്കിയിരുന്നത്. കഴിഞ്ഞ അഞ്ചു ദശാബ്ദത്തോളം ഒരു സ്വാർത്ഥതയുമില്ലാതെ പരസ്പരം സ്നേഹിക്കുവാനും ആദരിക്കുവാനും കരുതുവാനും സ്വർഗ്ഗം ദാനമായി നൽകിയ ഓരോ അവസരത്തേയുമോർത്ത് ദൈവസന്നിധിയിൽ വിനയാന്വിതനായി ശിരസ്സു നമിക്കുന്നു. ഈ ദീർഘമായ കാലഘട്ടത്തിൽ ഞങ്ങളുടെ സാഹോദര്യബന്ധത്തിന് ഒരു പോറൽ പോലുമേല്ക്കാതെ, ഒരു കരിനിഴൽപോലുമേശാതെ, ഞങ്ങളെ തിരുകൃപയിൽ കാത്തുസൂക്ഷിച്ച ദൈവത്തിനു സ്തോത്രം.

വേർപാടിന്റെ വേദന ഹൃദയത്തിനു നൽകിയ ആഘാതത്തിന്റെ പശ്ചാത്തലത്തിലും തന്റെ ഇഹലോക ജീവിതത്തെക്കുറിച്ച് ഓർക്കുമ്പോൾ ദൈവത്തെ സ്തുതിക്കുവാൻ കഴിയും. ഭവനത്തിന്, ദൈവസഭയ്ക്ക്, ദേശത്തിന് തണലാകുവാൻ, താങ്ങാകുവാൻ, ആശ്വാസമാകുവാൻ സർവ്വശക്തൻ നമുക്ക് അനുഗ്രഹിച്ചു നൽകിയ അമൂല്യഉപഹാരമായിരുന്നു അദ്ദേഹമെന്നോർക്കുമ്പോൾ ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നും ദൈവത്തെ സ്തുതിക്കുവാൻ കഴിയും.

ആംഗലഭാഷയിൽ വളരെ പ്രസിദ്ധമായ ഒരു ഉദ്ധരണിയുണ്ട്. ‘ആരോഗ്യത്തിന്റെ വില മനസ്സിലാക്കണമെങ്കിൽ ഒരു ആശുപത്രി സന്ദർശിക്കണം. സ്വാതന്ത്രത്തിന്റെ മൂല്യമുൾക്കൊള്ളുവാൻ ഒരു തടവറ സന്ദർശിക്കണം. എന്നാൽ സമയത്തിന്റെ മൂല്യം ഉൾക്കൊള്ളുവാൻ ആഗ്രഹിക്കുന്ന വ്യക്തി ശ്മശാനഭൂമിയിലേക്ക് പോകണം. മൺമറഞ്ഞവർ അന്ത്യവിശ്രമം കൊള്ളുന്ന ആ ഭൂമിയിൽ നില്ക്കുമ്പോഴാണ് നമ്മെ ചിന്തിപ്പിക്കുന്ന ഒരു യാഥാർത്ഥ്യം നാം തിരിച്ചറിയുന്നത്. നാം ചവിട്ടി നിൽക്കുന്ന ഒരു പിടിമണ്ണ് നാളെ നമ്മുടെ മേൽക്കൂരയാകാൻ പോകുകയാണ്’.

ഇന്നലെകളിൽ ഈ ഭൂമിയിൽ നെഞ്ചുവിരിച്ചു ശിരസ്സുയർത്തി നടന്ന മഹാരഥന്മാരായ ആയിരങ്ങൾ അവർ ചുവടുറപ്പിച്ചു നിന്നിരുന്ന പച്ചമണ്ണ് അവർക്കുവേണ്ടിയൊരുക്കിയ മേൽക്കൂരകൾക്കു താഴെ അന്ത്യവിശ്രമം കൊള്ളുന്നു. ഈ സന്ദേശമാണ് ശ്മശാനഭൂമി മൂകമായ ഭാഷയിൽ നമ്മോട് ഉദ്ഘോഷിച്ചുകൊണ്ടിരിക്കുന്നത്.

മനുഷ്യജീവിതം ക്ഷണികമാണെന്നും കഠിനാദ്ധ്വാനം കൊണ്ട് അവൻ ഈ ഭൂമിയിൽ നേടുന്നതൊന്നും അങ്ങേകരയിലേക്ക് കൊണ്ടുപോകയില്ലെന്നും വ്യക്തമായി ഗ്രഹിച്ച വ്യക്തിയായിരുന്നു ഞങ്ങളുടെ ജ്യേഷ്ഠസഹോദരൻ. അതുകൊണ്ടുതന്നെ അദ്ദേഹം ലാളിത്യത്തെ തന്റെ മുഖമുദ്രയാക്കി മാറ്റി. സാമ്പത്തികമായി ദൈവം സമൃദ്ധമായി അനുഗ്രഹിച്ചിട്ടും സാധാരണക്കാരിൽ സാധാരണക്കാരനായി അദ്ദേഹം നമ്മുടെയിടയിൽ ജീവിച്ചു. തികച്ചും ലളിതമായിരുന്നു തന്റെ വസ്ത്രധാരണം. ഒരു മുണ്ട്, ഒരു ഷർട്ട്, ചുമലിലൊരു തോർത്ത്. സ്പാനിഷ് ശൈലിയിലും കൊളോണിയൽ മാതൃകയിലും രമ്യഹർമ്മ്യങ്ങൾ പണിതുയർത്തിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഒരു സാധാരണ ഭവനത്തിൽ പൂർണ്ണസന്തോഷത്തോടെയും സംതൃപ്തിയോടെയും അദ്ദേഹം ജീവിച്ചു. അടുത്തയിടെ ലീലമ്മാമയോട് അച്ചായൻ പറഞ്ഞു -‘എന്റെ അന്ത്യയാത്രയിൽ സൂട്ടും കോട്ടും ധരിപ്പിച്ച് വേഷഭൂഷാദികളോടെ എന്നെ യാത്രയാക്കരുത്. ഞാനൊരു സാധാരണക്കാരനായി ഈ ഭൂമിയിൽ ജീവിച്ചു. ഒരു സാധാരണക്കാരനേപ്പോലെ വേണം എന്നെ യാത്രയാക്കുവാൻ,.

ഒരു സാധാരണക്കാരനായി ഈ ഭൂമിയിൽ ജീവിച്ച തനിക്ക് ഒരു സാധാരണക്കാരനായി ഈ ഭൂമിയിൽ നിന്നും കടന്നുപോകണമെന്ന് നിർബന്ധമുണ്ടായിരുന്നു.

അബുദാബി അഡ്മാൻ-ഓപ്കൊ കമ്പനിയിൽ ദീർഘവർഷങ്ങൾ സേവനമനുഷ്ഠിച്ച അദ്ദേഹം നാട്ടിൽ വന്നതിനുശേഷം ആത്മീയ മണ്ഡലത്തിൽ നിറസാന്നിദ്ധ്യമായി മാറി. സ്ഥാനങ്ങളുടെയും പദവികളുടെയും പിമ്പെ അദ്ദേഹം ഒരിക്കലും പോയിട്ടില്ല. മിക്കവർക്കും അനാകർഷങ്ങളായി തോന്നുന്ന ചില സ്ഥാനങ്ങൾ വെല്ലുവിളിയായിക്കരുതി ഏറ്റെടുക്കുവാനും, അത്തരം പ്രവർത്തനങ്ങളെ വിജയത്തിന്റെ ഔന്നത്യങ്ങളിലെത്തിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു.

ഭൗമികമായി ദൈവം തന്നെ അനുഗ്രഹിച്ചിരുന്നുവെങ്കിലും ആഡംബരജീവിതത്തോട് അദ്ദേഹത്തിനൊരു ഭ്രമവും ഉണ്ടായിരുന്നില്ല. കഴിവതും ഒതുങ്ങി ചിലവു ചുരുക്കിയാണ് അദ്ദേഹം ജീവിച്ചിരുന്നത്. അതിൽ നിന്നും മിച്ചം വെയ്ക്കാൻ കഴിഞ്ഞ വരുമാനത്തിന്റെ നല്ലൊരുഭാഗം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ഭാരതസുവിശേഷീകരണത്തിനുമായി അദ്ദേഹം ചില വഴിച്ചു.



വിജയകരമായ ക്രിസ്തീയ ജീവിതം ചെയ്യുവാൻ അദ്ദേഹത്തെ സഹായിച്ച ഒരു ഘടകം ശ്രദ്ധയിൽപ്പെടുത്തട്ടെ. തന്റെ വിളിയേക്കുറിച്ച് വ്യക്തമായ ബോദ്ധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ചില മാസങ്ങൾക്കു മുമ്പ് തന്റെ ശാരീരികമായ ക്ഷീണങ്ങളും ക്ലേശങ്ങളും പരിമിതികളും മറന്ന് അദ്ദേഹം ഒരു മിഷൻട്രിപ്പിനായി യൂ.പി യിലേക്കു പോയി. അവിടെ ക്രമീകരിക്കപ്പെട്ട ഒരു കൂടിവരവിൽ അനേകർ സംബന്ധിച്ചിരുന്നു. ആത്മനിറവിലുള്ള വചനശുശ്രൂഷക്കു ശേഷം രോഗികൾക്കായുള്ള പ്രാർത്ഥനക്കായി പാസ്റ്റർ ആഹ്വാനം നൽകി. അനേകർ പ്രാർത്ഥനക്കായി മുമ്പോട്ടു വന്നു. തത്സമയം കർത്തൃദാസൻ ഞങ്ങളുടെ ജ്യേഷ്ഠസഹോദരനോട് ഇപ്രകാരം പറഞ്ഞു - ‘മുമ്പോട്ടു കടന്നുവരുന്നവർക്കുവേണ്ടി ഞാൻ തന്നെ പ്രാർത്ഥിക്കുക എന്നത് പ്രായോഗികമല്ല. അതുകൊണ്ട് അവരിൽ ചിലർക്കുവേണ്ടി ബേബിച്ചായൻ പ്രാർത്ഥിക്കണം’. ഉടനെ അദ്ദേഹം മറുപടി നൽകി ‘പാസ്റ്ററെ, എന്റെ ജീവിതത്തിൽ ഇന്നുവരെ ഒരു രോഗിയുടെ ശിരസ്സിൽ കരങ്ങൾ വെച്ച് പ്രാർത്ഥിച്ചിട്ടില്ല. അങ്ങനെയൊരു ശുശ്രൂഷ ദൈവമെന്നെ ഏല്പിച്ചിട്ടില്ല’. കർത്തൃദാസൻ ഉടൻ മറുപടി നൽകി ‘അച്ചായാ, ഇത് ചർച്ച നടത്തുവാനുള്ള സമയമല്ല, ദൈവത്തിന് പ്രവർത്തിക്കുവാനുള്ള സമയമാണ്. മുമ്പോട്ടു വരുന്ന രോഗികൾക്കുവേണ്ടി വിശ്വാസത്തോടെ ശിരസ്സിൽ കരങ്ങൾ വെച്ച് പ്രാർത്ഥിച്ചോളൂ. ദൈവമിന്ന് അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ പോകുകയാണ്’.

ഞങ്ങളുടെ ജ്യേഷ്ഠസഹോദരന്റെ വാക്കുകളിവിടെ ഉദ്ധരിക്കട്ടെ - ‘ആ കർത്തൃദാസന്റെ വാക്കുകൾ ഞാൻ വിശ്വാസത്തോടെ ഏറ്റെടുത്തു. ഞാൻ രോഗികൾക്കായി കൈവെച്ചു പ്രാർത്ഥിച്ച വേളയിൽ എനിക്കു വിശ്വസിക്കുവാൻ കഴിയാതെയിരുന്ന അത്ഭുതങ്ങൾ എന്റെ കണ്മുമ്പിൽ കർത്താവ് ചെയ്യുന്നത് കാണുവാൻ കഴിഞ്ഞു’.

അദ്ദേഹം ഈ ഭൂമിയിൽ ചെയ്ത ആദ്യത്തേതും അവസാനത്തേതുമായ രോഗശാന്തി ശുശ്രൂഷയായിരുന്നു അത്. കരങ്ങൾ വെച്ച് പ്രാർത്ഥിച്ച രോഗികളെയെല്ലാം കർത്താവ് സൗഖ്യമാക്കിയതുകൊണ്ട്, അടുത്ത ദിവസം മുതൽ രോഗശാന്തി ശുശ്രൂഷയുമായി ലോകപര്യടനം നടത്തുവാൻ അദ്ദേഹം തയ്യാറായില്ല. തന്റെ ദൈവീകമായ വിളിയെന്താണെന്നും തന്നെ ദൈവം ഭരമേല്പിച്ച ദൗത്യം എന്താണെന്നും അദ്ദേഹം വ്യക്തമായി ഗ്രഹിച്ചിരുന്നു.

ആരുടേയും പിന്തുണ ലഭിച്ചില്ലെങ്കിലും തെറ്റുകൾക്കു നേരെ വിരൽചൂണ്ടുവാനുള്ള ചങ്കൂറ്റവും ദൈവകൃപയും തനിക്കുണ്ടായിരുന്നു. തെറ്റുകളോട് അനുരഞ്ജനപ്പെടുവാൻ ഒരിക്കലും അദ്ദേഹം തയ്യാറായിരുന്നില്ല. സഭയിലേക്ക് നുഴഞ്ഞുകയറുന്ന അനാത്മിക പ്രവണതകൾക്കെതിരെ അദ്ദേഹമെന്നും അതിശക്തമായി പ്രതികരിച്ചിരുന്നു.

ഞങ്ങളുടെ ജ്യേഷ്ഠസഹോദരന്റെ വിയോഗം സ്വന്തഭവനത്തിനും മാതൃസഭയ്ക്കും ദേശത്തിനും മാത്രമല്ല, പെന്തക്കോസ്തു സമൂഹത്തിന് ഒരു തീരാനഷ്ടം തന്നെയാണ്. ദുഃഖത്തിലായിരിക്കുന്ന ഞങ്ങളെയെല്ലാവരേയും, വിശിഷ്യ ലീലമ്മാമയേയും കുഞ്ഞുങ്ങളേയും കൃപാലുവായ കർത്താവ് ആശ്വസിപ്പിക്കട്ടെ.

# സയിൻ

## സങ്കീർത്തനം 119: 49–56

### സങ്കീർത്തന വിചിന്തനം



നൈനാൻ മാത്യു

കഷ്ടതയും, പ്രതിസന്ധികളും നിറഞ്ഞ ഈ ലോകെ സീയോൻ യാത്ര ചെയ്യുന്ന ഒരു ആത്മമനുഷ്യന്റെ പരിഛേദനമാണ് 49 മുതൽ 56 വരെയുള്ള വാക്യങ്ങൾ അടങ്ങിയ 'സയിൻ' എന്ന എബ്രായ അക്ഷരത്തിൽ താഴെയായി ചിട്ടപ്പെടുത്തിയിരിക്കുന്ന ഈ ധ്യാനഭാഗത്തിൽ കാണുന്നത്. മരുയാത്രയുടെ ദുരിതങ്ങളും വ്യക്തമാക്കപ്പെടാത്ത ഏതൊക്കയോ ക്ലേശങ്ങളും തന്നെ അലോസരപ്പെടുത്തുന്നുങ്കെിലും ദൈവത്തിന് കീർത്തനം പാടി പ്രയാണം തുടരുന്നു. എക്കാലവുമുള്ള ദൈവമക്കൾക്ക് ദൈവവചനത്താൽ ഉറപ്പാക്കപ്പെടുന്നു അമൂല്യമായ 4 കാര്യങ്ങൾ 49 മുതൽ 52 വരെയുള്ള 4 വാക്യങ്ങളിൽ കാണുന്നു.

#### *1. ദൈവവചനം പ്രത്യാശ നൽകുന്നു.*

'നീ എന്നെ പ്രത്യാശിക്കുമാറാക്കി' (49). എങ്ങനെ? എന്തിനാൽ? നിന്റെ വചനത്താൽ -അർത്ഥാൽ ഞാൻ നിരാശനായിരുന്നു, പ്രത്യാശ നഷ്ടപ്പെട്ടു പോയ അനുഭവത്തിലായിരുന്നു. പക്ഷെ നിന്റെ വചനം എനിക്കു പ്രത്യാശ നൽകി. ക്രിസ്തീയ ജീവിതത്തിന്റെ നങ്കൂരമാണ് പ്രത്യാശ (എബ്രാ.6: 19). പ്രത്യാശയാൽ നാം രക്ഷിക്കപ്പെട്ടിരിക്കുന്നു (റോമ.8: 20). പ്രത്യാശ, നിർമ്മലമായ ജീവിതത്തിനു നമ്മെ പ്രചോദിതരാക്കുന്നു (1 യോഹ.3: 3, തീത്തോ.2: 13). പ്രത്യാശ നിലനിൽക്കുന്നു (1 കൊരി.13: 3). പ്രത്യാശ കാര്യങ്ങളെ തിരിച്ചു കൊണ്ടു വരുന്നു. ഒരു തലമുറപോലും ഇല്ലാതിരുന്ന അബ്രഹാം ബഹുജാതികൾക്ക് പിതാവായി മാറുവാൻ, ദൈവത്തിന്റെ വാക്കിലുള്ള അവന്റെ പ്രത്യാശ കാരണമായി മാറി (റോമ.4: 18). In hope against hope Abraham belieced.

ദൈവമക്കൾ തങ്ങളുടെ ഭാഗ്യകരമായ പ്രത്യാശയ്ക്കായ് ഒരുങ്ങിയിരിക്കുന്നു. അപ്പോൾ തന്നെ ദൈനംദിനം അവർ അഭിമുഖീകരിക്കുന്ന സമസ്തവിഷങ്ങളെയും ദൈവവചനത്തിൽ അടിസ്ഥിതമായ പ്രത്യാശയാൽ നേരിടുന്നു. ഇവിടെ 'വചനത്തെ ഓർക്കേണമെ' എന്നു പ്രാർത്ഥിക്കുമ്പോൾ തന്നെ പ്രത്യാശിക്കുമാറാക്കിയ അടിയനോടുള്ള വാഗ്ദത്തം അല്ലെങ്കിൽ വചനം ഓർത്തു പ്രവർത്തിക്കണമെ എന്ന് തന്റെ മാനുഷിക പ്രകൃതിയിൽ നിന്ന് ദൈവത്തോട് ആവശ്യപ്പെടുകയാണ്. അതുകൊണ്ട് പ്രത്യാശ നിരസിക്കരുത്, നഷ്ടമാക്കികളയരുത്. പ്രത്യാശയ്ക്ക് ഭംഗം വരുന്നില്ല (റോമ.5: 5). അത് നമ്മെ വീട്ടിൽ എത്തിക്കും.

#### *2. ദൈവവചനം നമ്മെ ജീവിപ്പിക്കുന്നു.*

'നിന്റെ വചനം എന്നെ ജീവിപ്പിച്ചിരിക്കുന്നു' (50). കഷ്ടതയിൽ ദൈവത്തോടു ചേർന്നു നിൽക്കുന്ന ദൈവപൈതലിനെ തന്റെ വചനം നൽകി ദൈവം ജീവിപ്പിക്കും. ദൈവജനത്തിന്റെ കഷ്ടത ദൈവജനത്തിന്റെ പ്രത്യാശയായി ദൈവം രൂപാന്തരപ്പെടുത്തുന്നു (കഷ്ടത-സഹിഷ്ണത-സിദ്ധത-പ്രത്യാശ). കഷ്ടതയിൽ എനിക്ക് ആശ്വാസമാകുന്നു എന്നത് അർത്ഥമാക്കുന്നത് കഷ്ടതകൾ എന്നേക്കുമായി തീരുന്നില്ലായെന്നും കഷ്ടങ്ങളും കഷ്ടങ്ങളിലെ ദൈവവചനത്തിന്റെ ജീവിപ്പിക്കുന്ന പ്രക്രിയകളും തുടർന്നുകൊണ്ടേയിരിക്കും എന്നുതന്നെ. ജീവിത കഷ്ടങ്ങളിൽ ദൈവത്തെ പരിഹസിക്കരുത്, കഷ്ടങ്ങൾ പാഴാക്കരുത്.

#### *3. ദൈവവചനം അഹങ്കാരികളുടെ പരിഹാസത്തിനു നമ്മെ യോഗ്യരാക്കുന്നു.*

ഇവിടെ എന്തിനാണ് അഹങ്കാരി തന്നെ അത്യന്തം പരിഹസിച്ചത്? താൻ യഹോവയുടെ ന്യായപ്രമാണത്തെ വിട്ടുമാറാതെ പിന്തുടരുന്നതുകൊണ്ട്. 'ഞാനോ നിന്റെ ന്യായപ്രമാണത്തെ വിട്ട് മാറിയിട്ടില്ല' (വാക്യം 5). അഹങ്കാരിക്ക് ഒരേയൊരു ആഗ്രഹമെയുള്ളൂ. തന്റെ പരിഹാസത്തിലൂടെ എന്നെ യഹോവയുടെ ന്യായപ്രമാണത്തിൽ നിന്നും അകറ്റികളയുക. പരിഹാസിയുടെ ചിന്തകൾക്കും, ശരികൾക്കും, പ്രവർത്തികൾക്കും ഒപ്പം നമ്മെ പങ്കാളിയായി നിറുത്തുക. പക്ഷെ സങ്കീർത്തനക്കാരൻ അതിനു തയ്യാറല്ല. ദൈവവചനം അനുസരിക്കുവാൻ തയ്യാറായതിനാൽ ആരെങ്കിലും നമ്മെ പരിഹസിക്കുന്നുണ്ടെങ്കിൽ അതിൽ നമുക്ക് സന്തോഷിക്കാം, ശിരസ്സിൽ ചൂടാം. നാം പരിഹാസിയുടെ വഴിയിൽ നിന്ന് ദൂരെയാണെന്നും അത് നമ്മെ ബോധ്യമാക്കുന്നു. എക്കാലത്തുമുള്ള ദൈവമക്കളുടെ മുഖമുദ്രയായിരുന്നു അഹങ്കാരികളുടെ പരിഹാസം.

#### *4. ദൈവവചനം ആശ്വസിപ്പിക്കുന്നു. പണ്ടെയുള്ള വിധികളെ...ആശ്വസിപ്പിക്കുന്നു (52).*

വിധികൾ എന്നാൽ ദൈവജനത്തിന്റെ രക്ഷയ്ക്കായി ദൈവം ചെയ്ത പ്രവർത്തികൾ ന്യായവിധികളായി സൂചിപ്പിക്കുന്നു. പണ്ടേയുള്ളവയെന്നാൽ, തനിക്കു മുമ്പ് ഈ വഴിയെ നടന്ന പലരേയും ഈ വിധികൾ ആശ്വസിപ്പിച്ചിട്ടുണ്ട് എന്നർത്ഥം. വിശ്വാസത്തിന്റെ നായകൻ തുടങ്ങി, വിശ്വാസവീരന്മാർ (എബ്രാ.12) എല്ലാവരും ഈ വിധികളുടെ ഊഷ്മളമായ ആശ്വാസം അനുഭവിച്ചിട്ടുള്ളവരാണ്. അവയുടെ ഓർമ്മ സങ്കീർത്തനക്കാരന് ആശ്വാസം പകരുന്നു (യെശ.66: 13, 1 തെസ്സ.4: 8). ദൈവത്തിന്റെ ന്യായപ്രമാണം മനപൂർവ്വം നിഷേധിച്ചു ജീവിക്കുന്നവരെയാണ് ദുഷ്ടന്മാർ എന്ന് അഭിസംബോധന ചെയ്തിരിക്കുന്നത് (53). 54 മുതൽ 56 വരെയുള്ള അവസാന 3 വാക്യങ്ങൾ ഈ ധ്യാനഭാഗത്തിന്റെ ശാന്തപൂർണ്ണമായ ഉപസംഹാരമാണ്. ഇവിടെ കഷ്ടതയുടെ പരിഭവങ്ങൾ ഇല്ല. അഹങ്കാരികൾക്ക് എതിരെ ഉയരുന്ന ഉഗ്രകോപം ഇല്ല. ഒന്നിനും വേണ്ടിയുള്ള പ്രാർത്ഥനയില്ല. ന്യായപ്രമാണത്തിന്റെ തികഞ്ഞ ആചരണവും, അനുസരണവും മാത്രമേയുള്ളൂ.

ഞാൻ പരദേശിയായി പാർക്കുന്ന വീട് (54). ഞാൻ ഭൂമിയിൽ പരദേശി (സങ്കീ.119: 19). പരദേശസ്വഭാവം നമുക്ക് കൈമോശം വരാതിരിക്കട്ടെ. അവ കുറയും തോറും നമ്മുടെ അഹംഭാവം കൂടിക്കൊണ്ടിരിക്കും. പരദേശിയുടെ കൂടാരങ്ങളിൽ ഉള്ള നിത്യതയുടെ കീർത്തനങ്ങൾ നമ്മുടെ ഹൃദയത്തിലും, നാവിലും നിറഞ്ഞ് നിൽക്കട്ടെ. മനസ്സിൽ പാപഉദ്ദേശമുള്ള ദുഷ്ടൻ (36: 1–4) രാത്രിയിൽ അടുത്ത ദിനത്തേക്കുള്ള ദുഷ്ടത ചിന്തിച്ചു കിടക്കുമ്പോൾ, സങ്കീർത്തനക്കാരൻ രാത്രിയിൽ തിരുനാമ ഓർമ്മ, ധ്യാനിച്ചും, സമാധാനം അനുഭവിച്ചും ആചരിക്കുന്നു (55). നിന്റെ പ്രമാണങ്ങളെ അനുസരിക്കുന്നത് എനിക്ക് വിഹിതമായിരിക്കുന്നു (56).

വിഹിതമായിരിക്കുന്നു = ജീവിതചര്യയായിരിക്കുന്നു. അനുസരിക്കുകയെന്നത് ഒരു ബാലികേറാമലയല്ല. അത് സ്വാഭാവികമായി വരുന്നു. അനുസരിക്കാതിരിക്കുവാൻ എനിക്കാവില്ല. ഒന്നും നേടിയെടുക്കുന്നതിനോ മറ്റൊന്നിന്നും വേണ്ടിയല്ല. തിരുവചനത്തിന്റെ അനുസരണത്തിൽ തന്നെ അതിന്റെ നന്മകൾ ഞാൻ അനുഭവിച്ചറിയുന്നു.

'ദൈവത്തിന്റെ ന്യായപ്രമാണം മനപൂർവ്വമായി നിഷേധിച്ചു ജീവിക്കുന്നവരെയാണ് ദുഷ്ടന്മാർ എന്ന് അഭിസംബോധന ചെയ്തിരിക്കുന്നത് (53). അവരുടെ പ്രവർത്തികൾ തന്നെ അസ്വസ്ഥനാക്കുന്നുയെന്നർത്ഥം'.

## PROMISE & COMMAND OF THE MONTH

### PROMISE

*1 കൊരിന്ത്യർ 15:26*

*ഒടുക്കത്തെ ശത്രുവായിട്ടു മരണം നീങ്ങിപ്പോകും..*

### COMMAND

*ആവർത്തനം 8:17*

*എന്റെ ശക്തിയും എന്റെ കയ്യുടെ ബലവും ഈ സമ്പത്തുണ്ടാക്കി എന്നു നിന്റെ ഹൃദയത്തിൽ പറയാതിരിപ്പാനും സൂക്ഷിച്ചു കൊള്ളേണം.*



# Being a Lighthouse



Pr. Georgy Mathew Alexios

***Read: Matthew 5:16***

Our world is filled with darkness and there is evil everywhere. God has chosen His remnant to walk as children of light in this fallen world. Paul the apostle said, "For you were once darkness, but now you are light in the Lord. Walk as children of light" (Eph. 5:8). Paul was a zealous Pharisee who persecuted Christians. He was in darkness. But when he encountered Jesus on the road to Damascus, his eyes were opened and he realized his mistake. Paul believed and was baptised in Christ. He served as a light, directing the Gentiles and Jews to Christ.

You are to be like a lighthouse, whose light never goes out, despite storms, rain or difficult situations. Likewise, even if you are going through hardships, may your light so shine before men, that they may see your good works and glorify your Father in heaven (Matt. 5:16). Another function of light is to expose what is in darkness. A lighthouse can detect pirate ships from afar and can alert the authorities. If you are walking in the light, have no fellowship with the unfruitful works of darkness, but rather expose them (Eph. 5:11). Jesus said, "For everyone practising evil hates the light and does not come to the light, lest his deeds should be exposed" (John 3:20). The Pharisees hated Jesus because He exposed their fake deeds and evil nature.

The Bible says, "God is light and in Him there is no darkness at all" (1 John 1:5). Jesus said, "I am the light of the world…" (John 8:12). He also said, "You are the light of the world…" (Matt. 5:14). God expects us to walk and reflect Him in our deeds and actions. Are you shining as light in this world?

# നൂറുമേനിയുടെ വിളവ്



ഇവാ. സാബു മാത്യു

നമ്മെ ദൈവരാജ്യത്തിന്റെ വക്താക്കൾ ആക്കേണ്ടതിന് നമ്മുടെ കർത്താവായ യേശുക്രിസ്തു തന്റെ പിതാവിന്റെ ഭവനം വിട്ടു ഈ താണലോകത്തിലേക്ക് വന്നു. തന്റെ ദൗത്യനിർവ്വഹണത്തിനിടയിൽ കഫർന്നഹൂമിൽ പാർത്തിരുന്ന വീട്ടിൽ നിന്ന് പുറപ്പെട്ട് കടലിനരികെ ചെന്നിരുന്നു. വളരെ പുരുഷാരം അവന്റെ അടുക്കൽ വന്നതിനാൽ യേശു പടകിൽ കയറി കരയിലിരുന്ന പുരുഷാരത്തോട് ഉപകളായി സംസാരിച്ചു.

ഒരു മനുഷ്യൻ വിതപ്പാൻ പുറപ്പെട്ടു എന്നാൽ വിതയ്ക്കുമ്പോൾ ചിലത് വഴിയരികയും, പാറസ്ഥലത്തും, മുള്ളിനിടയിലും, നല്ല നിലത്തും വീണു. അവയിൽ ചിലത് പറവകൾ തിന്നു. പാറപ്പുറത്ത് വീണത് കരിഞ്ഞുപോയി. മുള്ളിനിടയിൽ വീണത് ഞെരുങ്ങിപോയി നല്ല നിലത്ത് വീണത് നൂറുമേനി വിളഞ്ഞു. ഇതിന്റെ ആത്മീക അർത്ഥം മത്തായി 13: 18–23 വരെ പറഞ്ഞിട്ടുണ്ട്.

മനുഷ്യപുത്രൻ പ്രഘോഷിച്ചിട്ടുള്ള വചനം പൈശാചിക ശക്തികളും രാഷ്ട്രീയശക്തികളും മാർഗ്ഗീയ ശക്തികളും ഒതുക്കുവാൻ, ഉന്മൂലനം ചെയ്യുവാൻ ശ്രമിച്ചു. എന്നാൽ പരിശുദ്ധാത്മാവ് നല്ല നിലത്തിട്ടത് നൂറുമേനി വിളയിച്ചു. നൂറുമേനി വിളവിന്റെ ഈ കാലഘട്ടത്തെ അപ്പൊസ്തലിക കാലഘട്ടം എന്നു പറയാം. വചനം കേൾക്കുമ്പോൾ തന്നെ ജനം മാനസാന്തരപ്പെടുകയും സുവിശേഷീകരണത്തിനുവേണ്ടി നിലകൊള്ളുകയും ചെയ്തിരുന്ന കാലം. സമത്വസുന്ദര വർണ്ണവിവേചനമില്ലാത്ത ആത്മീയ കാലം. പരിശുദ്ധാത്മ പകർച്ച അതിശക്തിയോടെ വ്യാപരിച്ചുകൊണ്ടിരുന്നതിനാൽ സഭകൾ ദിനംതോറും എണ്ണത്തിൽ വർദ്ധിച്ചുകൊണ്ടിരുന്നു. അപ്പൊസ്തലന്മാരുടെ നിഴൽതട്ടി രോഗികൾ സൗഖ്യമാകുകയും റൂമാലും ഉത്തരീയവും രോഗികളുടെമേൽ ഇടുമ്പോൾ സൗഖ്യം വ്യാപരിക്കുകയും അശുദ്ധാത്മാക്കൾ അലറി ഓടുകയും ചെയ്തിരുന്നു. സുവിശേഷത്തിനായി പീഢകൾ സഹിക്കുകയും സുവിശേഷത്താൽ ഭൂലോകത്തെ കീഴ്മേൽ മറിച്ച കാലം. ആത്മാക്കളെ കൂട്ടം കൂട്ടമായി കൊയ്തെടുത്ത നവീകരണത്തിന്റേയും ഉണർവ്വിന്റേയും കാലം. സഭകളിൽ ശുശ്രൂഷയ്ക്കായി ജനത്തെ എഴുന്നേല്പിക്കുകയും അസാധ്യങ്ങളെ സാധ്യമാക്കിത്തീർത്ത കാലം. ഇസഹാക്കിന്റെ കാലം പോലെ നൂറുമേനി വിളഞ്ഞ (ഉല്പത്തി 26: 12). അത്ഭുത കാലയളവ് ക്രമേണ ജീവിത്തിലും ഉപദേശത്തിലും വിശ്വാസത്തിലും അയഞ്ഞുപോയതിനാൽ അതിന്റെ മേനി (ഫലം) 60, 30 എന്നീ നിലയിലേക്ക് താണുപോയി (മത്തായി 13: 23).

എഫെസൊസ് സഭാകാലയളവിൽ സംഭവിച്ചതുപോലെ കർത്താവ് പൊൻനിലവിളക്കുകളുടെ നടുവിൽ നടന്നുകൊണ്ട് സഭ ഏതുവിധം സാക്ഷ്യവും പ്രകാശവും ആണ് ലോകത്തിന് നൽകുന്നതെന്ന് പരിശോധിക്കുകയും തന്റെ മാറ്റമില്ലാത്ത വിശുദ്ധിയിൽ വചനത്താൽ സഭയുടെ സ്വഭാവത്തെ വിലയിരുത്തിയപ്പോൾ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്നു കാണുന്നു (വെളിപ്പാട് 2: 4). ഒരു പുതുമണവാട്ടിയ്ക്ക് തന്റെ മണവാളനോടുള്ള വിവാഹാനന്തരശേഷമുള്ള ആദ്യസ്നേഹം പിന്നത്തേതിൽ കുറഞ്ഞുപോയതുപോലെ എഫെസൊസ് സഭ ആധുനിക ലോകത്തിന്റെ പ്രലോഭനങ്ങളിൽപ്പെട്ടു സ്വന്തം കാന്തനായ ക്രിസ്തുവിനോട് ആദ്യകാലത്തുണ്ടായിരുന്ന ഊഷ്മളമായ സ്നേഹാധിക്യ പ്രവർത്തികളിൽ നിന്നും വഴുതിപോയതിനാൽ നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന കുറ്റം ആരോപിക്കുകയും മാനസാന്തരത്തിനും മടങ്ങിവരുവാനുമുള്ള ആജ്ഞ കർത്താവ് കൊടുക്കുകയും ചെയ്യുന്നു. (നീ എന്നെ അനുഗമിച്ചു നടന്ന നിന്റെ യൗവ്വനത്തിലെ ഭക്തിയും വിവാഹം നിശ്ചയിച്ച കാലത്തിലെ സ്നേഹവും ഞാൻ ഓർക്കുന്നു – യിരമ്യാവ് 2: 2).

അക്ഷരാർത്ഥത്തിൽ ആദ്യനൂറ്റാണ്ടിൽ എഫെസൊസ് സഭയ്ക്ക് നൽകപ്പെട്ട ഈ ദൂത് ഇന്നത്തെ സഭകൾക്കും, വിശ്വാസികൾക്കും തുല്യനിലയിൽ ബാധകവും ദൈവത്തിന്റെ അരുളപ്പാടുമാണ്. ഒരു വിശ്വാസി രക്ഷാ നിർണ്ണയം പ്രാപിച്ച നാളിൽ തന്റെ രക്ഷകനായ കർത്താവിനോടുള്ള മേൽത്തരവും ഒന്നാമത്തേതുമായ ആദ്യസ്നേഹം കുറഞ്ഞുപോയെങ്കിൽ ഈ ശാസന നമ്മോടാണ്. നാമും ആദ്യസ്നേഹം വിട്ടുകളഞ്ഞിരിക്കുന്നു.

നഷ്ടപ്പെട്ടുപോയത് പലപ്പോഴും കണ്ടെത്തുവാൻ കഴിഞ്ഞില്ലെന്നുവരാം. എന്നാൽ വിട്ടുകളഞ്ഞതിന് വീണ്ടും പ്രാപിക്കുവാൻ നമുക്ക് സാധിക്കും. ക്രൈസ്തവ ലോകത്തിന്റെ അധഃപതനത്തിന്റെ മുഖ്യകാരണം ആദ്യസ്നേഹം നഷ്ടപ്പെട്ടുപോയതിനാലാണ്. തത്ഫലമായി പിൻമാറ്റം, പാപം, വിശ്വാസത്യാഗം എന്നിവ സംഭവിക്കുന്നു. ആകയാൽ നാം ഏതിൽ നിന്ന് വീണിരിക്കുന്നു എന്നോർത്ത് മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവർത്തി ചെയ്യുവാനായി ആദ്യസ്നേഹത്തിലേക്ക് മടങ്ങി വരുക. ഈ യാഥാർത്ഥ്യത്തിലേക്ക് പരിശുദ്ധാത്മാവ് നമ്മെ നടത്തുവാൻ ആഗ്രഹിക്കുന്നു. കർത്താവിനുവേണ്ടി ധാരാളം പ്രവർത്തിപ്പാൻ ഉണ്ട്. പ്രവർത്തനനിരതരായ ദാസി ദാസന്മാരെ കർത്താവ് അന്വേഷിക്കുന്നു.

മനുഷ്യഹൃദയമാകുന്ന ധാരാളം വയലുകൾ ഉണ്ട് നമുക്കു ചുറ്റും. ഹൃദയകേദാരത്തിൽ വളരുന്ന ദുഃഖങ്ങളേയും, നിരാശകളേയും, മോഹപ്രലോഭനങ്ങളേയും പിഴുതു നശിപ്പിപ്പാൻ പരിശുദ്ധാത്മാവ് സഹായിക്കും. വചനമാകുന്ന വിത്തുകളെ വിതപ്പാൻ തക്കവണ്ണം വയലുകളെ ഒരുക്കി വിത്ത് വിതച്ചാൽ തക്ക സമയത്ത് വെയിലും മഴയും നൽകി ദൈവം വളരുമാറാക്കും. നൂറുമേനി വിളഞ്ഞ ഇസഹാക്കിന്റെ കാലം പോലെയും അപ്പൊസ്തലിക കാലഘട്ടം പോലെയും ഈ കാലഘട്ടത്തിനെ മാറ്റുവാനായി പ്രാർത്ഥിക്കാം പ്രവർത്തിക്കാം. നൂറുമേനി വിളവായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

# നരകവാസികൾ

**തിരശ്ശീലക്കപ്പുറം..10**

ആർക്കുവേണ്ടിയാണ് നരകം ഒരുക്കിയിരിക്കുന്നതെന്നും, ആരായിരിക്കും അവിടത്തെ നിവാസികൾ എന്നുമുള്ള ചോദ്യത്തിന് പാപികളായ മനുഷ്യർ എന്ന ഉത്തരമാണ് പ്രഥമമായും പ്രധാനമായും ലഭിക്കുക. എന്നാൽ നരകം പ്രഥമമായും ഒരുക്കിയത് മനുഷ്യർക്കുവേണ്ടിയല്ല. പിന്നെയോ പിശാചിനും അവന്റെ ദൂതന്മാർക്കും വേണ്ടിയെന്നതാണ് രസം.

യഹോശാഫാത്ത് താഴ്‌വരയിൽ തേജസ്സിന്റെ സിംഹാസനത്തിലിരിക്കുന്ന കർത്താവ് ലോകജാതികളെ ന്യായം വിധിക്കുമ്പോൾ ഇടത്തുള്ളവരോട് പറയുന്നത് 'ശപിക്കപ്പെട്ടവരേ, എന്നെ വിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുവിൻ' എന്നാണ് (മത്താ.25: 41). പിശാചിനും അവന്റെ ദൂതന്മാർക്കും വേണ്ടിയാണ് നരകം ഒരുക്കിയതെന്ന് കർത്താവ് താൻ തന്നെ വ്യക്തമാക്കുന്നു.

### ആദ്യമായ് നരകത്തിൽ പോകുന്നതാര് ?

മുകൾ ചോദ്യത്തിന് ഒന്നുകിൽ പിശാച് അല്ലെങ്കിൽ പാപികളായ ദുഷ്ടമനുഷ്യർ എന്നാണ് പൊതുവെ ലഭിക്കുന്ന ഉത്തരം. എന്നാൽ ഇവരു കൂട്ടരുമല്ല പിന്നെയോ അന്തിക്രിസ്തുവും കള്ളപ്രവാചകനുമായിരിക്കും എന്നാണ് തിരുവെഴുത്ത് പറയുന്നത്.

മഹാപീഡനത്തിന്റെ അന്ത്യത്തിൽ കർത്താവ് ഹർമ്മഗെദ്ദോൻ യുദ്ധത്തിനായ് ഒലിവുമലയിൽ ഇറങ്ങിവരും. ആ സന്ദർഭത്തിൽ അന്തിക്രിസ്തുവിനെയും കള്ളപ്രവാചകനേയും പിടിച്ചു കെട്ടി ജീവനോടെ നരകത്തിലേക്ക് തള്ളികളയും എന്ന് വെളി.19: 20-ൽ നാം വായിക്കുന്നു. അവരെ കർത്താവ് നേരിട്ട് ന്യായം വിധിച്ച് തീപൊയ്കയിലേക്ക് തള്ളിക്കളയും. പിന്നീടവർ വെള്ളസിംഹാസനത്തിനു മുമ്പിൽ വരേണ്ടതില്ല.

### രണ്ടാമതായ് നരകത്തിൽ പോകുന്നതാര് ?

മഹോപദ്രവത്തിന്റെ അന്ത്യത്തിൽ യഹൂദന്മാരെ സഹായിച്ചതിന്റെ അടിസ്ഥാനത്തിലാണ് തേജസ്സിന്റെ സിംഹാസനത്തിന്റെ മുമ്പാകെ നില്ക്കുന്നവരെ ന്യായം വിധിക്കുന്നത്. ഇവിടെ മൂന്നു കൂട്ടം മനുഷ്യരെ നമ്മൾ കാണുന്നു.

1. വലത്തുള്ളവർ -പീഡന സമയത്ത് അയൽ രാജ്യങ്ങളിലേക്ക് ചിതറി ഓടുന്ന യെഹൂദന്മാരുടെ ദയനീയ അവസ്ഥ കണ്ട് മനസ്സലിഞ്ഞ് അവർക്കു ആഹാരവുമൊക്കെ കൊടുത്ത് സംരക്ഷിക്കുന്നവരും മശിഹയെ അംഗീകരിച്ചവരുമാണീ കൂട്ടർ.

2. ഇടത്തുള്ളവർ - പീഡന സമയത്ത് യെഹൂദന്മാരോട് യാതൊരു മനസ്സലിവും കാണിക്കാത്തവരും മശിഹയെ അംഗീകരിക്കാത്തവരുമണീ കൂട്ടർ.

3. ചെറിയവർ - ഇത് യെഹൂദന്മാരെ ഉദ്ദേശിച്ചുള്ള പ്രയോഗമാണ്.

ഈ മൂന്ന് കൂട്ടരിൽ ഇടത്തുള്ളവരെയാണ് ജീവനോടെ ന്യായം വിധിച്ചു നരകത്തിലേക്ക് തള്ളുന്ന രണ്ടാമത്തെ കൂട്ടർ.

### മൂന്നാമതായ് നരകത്തിൽ പോകുന്നതാര് ?

മഹാപീഡന മദ്ധ്യത്തിൽ സ്വർഗ്ഗത്തിൽ നിന്നും എന്നേക്കുമായ് വെട്ടേറ്റു സാത്താൻ വീഴും (വെളി.12: 7-10). ആയിരമാണ്ടിനടുത്ത് അഗാധകൂപത്തിൽ അടച്ചിടും (വെളി.20: 3), ആയിരമാണ്ടിന്റെ അന്ത്യത്തിൽ അല്പസമയത്തേക്ക് അവനെ തുറന്നുവിടും. ഉടനെ ഒരു വലിയ കൂട്ടത്തെ ദൈവത്തിന് എതിരായി അണിനിരത്തും. അതോടെ ഗോഗ് മാഗോഗ് യുദ്ധം ആരംഭിക്കും. വിശുദ്ധ നഗരത്തെ വളഞ്ഞിരിക്കുന്ന ശത്രുക്കളെ ആകാശത്തു നിന്നും തീ ഇറക്കി ദഹിപ്പിച്ചു കളയും. അതിനുശേഷം അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകതീപ്പൊയ്ക്കയിലേക്ക് തള്ളിയിടും. അവർ എന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടി വരും (വെളി.20: 7-10).


### നാലാമതായ് നരകത്തിൽ പോകുന്നതാര് ?

പാപം ചെയ്ത ദൂതന്മാരെ ദൈവം വെള്ളസിംഹാസനത്തിങ്കൽ ന്യായം വിധിച്ച് നരകത്തിലേക്ക് തള്ളിയിടും. ഈ കൂട്ടത്തിൽ അന്ധതമസ്സിന്റെ ചങ്ങലയിട്ട് കാക്കപ്പെടുന്ന ദൂതന്മാരും (2 പത്രോ.2: 4, യൂദ 6) വീണുപോയ സകല ദൂതന്മാരും, ഭൂതങ്ങളും, അഗാധകൂപത്തിൽ അടച്ചിരിക്കുന്ന വെട്ടുക്കിളി പടയും (വെളി.9: 1-11), കുതിരപ്പടയും (വെളി.9: 13-19) എന്നിങ്ങനെ പിശാചിന്റെ സകല സംഘങ്ങളും എന്നേക്കുമായ് നരകത്തിൽ നിപതിക്കും.

### ഒടുവിലായ് നരകത്തിൽ പോകുന്നതാര് ?

ആയിരമാണ്ട് വാഴ്ചക്കാലത്തിനുശേഷം പുതിയ ആകാശവും പുതിയ ഭൂമിയും ഉളവാക്കുന്നതിനു മുമ്പ് ദൈവം വെള്ള സിംഹാസനം സ്ഥാപിക്കും. രക്ഷിക്കപ്പെടാത്ത സകല ദുഷ്ടന്മാരും ഉയിർത്തെഴുന്നേറ്റ് ന്യായവിധിക്കായി എത്തും. ആദ്യ കൊലപാതകനായ കയീൻ മുതൽ ആയിരമാണ്ടിന്റെ അന്ത്യത്തിൽ മരിച്ചവരടക്കം സമസ്തരും അർത്ഥാൽ മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിനു മുമ്പിൽ നില്ക്കും.

ഓരോരുത്തരെ ഓരോരുത്തരെയായ് കർത്താവ് ന്യായം വിധിക്കും. വ്യക്തിപരമായ് തെറ്റുകൾ ബോധ്യപ്പെടുത്തും. ജീവപുസ്തകത്തിൽ പേരില്ലാത്തവരാണെന്നും അവർ സമ്മതിക്കും. യേശുവിന്റെ രക്തത്താലുള്ള പാപമോചനം പ്രാപിച്ചവരല്ല എന്ന് ബോധ്യപ്പെട്ട ഓരോരുത്തരും അവന്റെ മുമ്പാകെ മുട്ടുകുത്തി നിന്നുകൊണ്ട് 'യേശുക്രിസ്തു കർത്താവ്' എന്ന് കണ്ണീരോടെ ഏറ്റു പറയേണ്ടിവരും. അതിനുശേഷം



ജിജോ അങ്കമാലി

അവരെ നരകത്തിലേക്ക് എന്നെന്നേക്കുമായ് തള്ളിക്കളയും (വെളി.20: 8-15). എത്ര ദാരുണമായ അന്ത്യം.

### മരണവും പാതാളവും

വെളി.20: 14-ൽ മരണത്തേയും പാതാളത്തേയും തീപൊയ്കയിലേക്ക് തള്ളയിടും എന്നുകൂടെ പറഞ്ഞിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ, മനുഷ്യർ മരിക്കുന്നതുകൊണ്ടാണ് ആത്മാക്കൾ പാതാളത്തിലേക്ക് പോകുന്നത്. ദൂതന്മാരുടെ പാപത്തിന്റെ ഫലമായി അവരെ അടച്ചിടുവാൻ പാതാളത്തിലെ ചില അറകളും ഉപയോഗിക്കും. ഇതെല്ലാം അന്ത്യന്യായവിധി വരെ മാത്രമെ ആവശ്യമുണ്ടായിരിക്കയുള്ളൂ. അന്ത്യന്യായവിധി സമയത്ത് പാതാളലോകത്തിലെ ആത്മാക്കളെ മുഴുവൻ ന്യായം വിധിച്ചു നരകത്തിലേക്ക് പറഞ്ഞയക്കും. പിന്നെ പാതാളത്തിന്റെ ആവശ്യമില്ലല്ലോ.

പുതുവാനഭൂമിയിൽ യാതൊരു ശാപവും, രോഗവും, മരണവും ഇല്ല. മരണവും പാപവും ഇല്ലാത്തതിനാൽ പാതാളത്തിന്റെ ആവശ്യവുമില്ല. ആയതിനാൽ അന്ത്യന്യായവിധി സമയത്ത് മരണം എന്ന പ്രതിഭാസത്തേയും മരിച്ച ആത്മാക്കളെ സൂക്ഷിച്ചിരിക്കുന്ന പാതാളത്തേയും ദൈവം തീപൊയ്കയിൽ തള്ളിയിട്ട് ദഹിപ്പിച്ചു കളയും. തുടർന്ന് മരണവും പാതാളവും ഉണ്ടാകയില്ല.






ജീമോൻ പഴയിടം
മൂന്നാർ

ദൈവഭയത്തിൽ ജീവിക്കുന്നവനും ധനവാനുമായ ഒരു മനുഷ്യനെക്കുറിച്ച് നമുക്കീ പ്രാവിശ്യം ചിന്തിക്കാം. വളരെയേറെ ധനമുണ്ടെങ്കിലും യാതൊരു വിധ അഹങ്കാരവുമില്ലാതെ തന്റെ ജീവിതത്തിന്റെ ഏറിയ സമയങ്ങൾ ദൈവസന്നിധിയിൽ തന്റെ ഭാര്യക്കും കൗമാരപ്രായമായ മകനുമൊത്ത് പ്രാർത്ഥനക്കായി താൻ ചിലവഴിച്ചു. പലപ്പോഴും വില കൂടിയ തന്റെ ആഢംബര കാറിൽ വീട്ടിൽ നിന്നിറങ്ങുമ്പോൾ തന്റെ ഭവനത്തിന് സമീപമുള്ള ചെറിയൊരു കുടിൽ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുമായിരുന്നു. അതൊരു വിധവയുടെ ഭവനമെന്നും അവർ വളരെ ദാരിദ്രത്തിൽ ജീവിതം നയിക്കുന്ന സ്ത്രീയാണെന്നും അദ്ദേഹം മനസ്സിലാക്കി. പിന്നീടുള്ള തന്റെ സന്ധ്യാപ്രാർത്ഥനയിൽ വിധവക്കായി അദ്ദേഹം പലപ്പോഴും പ്രാർത്ഥിച്ചു. ഭാര്യയോടും മകനോടും അവർ വളരെ ദാരിദ്രത്തിലാണെന്നും അവർക്കായി പ്രാർത്ഥിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും താൻ പറഞ്ഞു മനസ്സിലാക്കി.

ഒരു ദിനം തന്റെ പ്രാർത്ഥനയിൽ വിധവക്കായി നല്ല വാക് ചാതുര്യത്തോടെ അദ്ദേഹം ഇപ്രകാരം പ്രാർത്ഥിച്ചു. 'ദൈവമേ അവർ വളരെ ദാരിദ്രത്തിൽ ജീവിക്കുന്നു. അന്നന്നത്തെ ആഹാരത്തിനുവേണ്ടി വല്ലാതെ കഷ്ടപ്പെടുന്നു. യാതൊരുവിധ സാമ്പത്തിക ഭദ്രതയും അവർക്കില്ല. അവർക്ക് സമ്പത്തിനെ അങ്ങ് കൊടുക്കേണമേ...' അന്നത്തെ പ്രാർത്ഥന കഴിഞ്ഞതും കൗമാരക്കാരനായ മകൻ തങ്ങളുടെ അലമാര തുറന്ന് അടുക്കി വച്ചിരുന്ന നോട്ടുകളിൽ നിന്ന് തന്റെ കൈനിറയെ നോട്ടെടുത്ത് തിരിഞ്ഞ് നടന്നു. അച്ഛൻ ഓടിച്ചെന്ന് മകനെ തടഞ്ഞു, സ്നേഹപൂർവ്വം ചോദിച്ചു 'എന്തിനാ നിനക്ക് ഇത്രയും പണം?' അവൻ പറഞ്ഞു 'പപ്പാ നമ്മുടെ കൈയ്യിൽ ഇഷ്ടംപോലെ പണമുണ്ടല്ലോ. നമുക്ക് കുറച്ച് പണം അവർക്ക് കൊടുക്കാം. അവരുടെ കഷ്ടപ്പാടിൽ നമുക്ക് സങ്കടമുണ്ടെങ്കിൽ നമ്മുടെ കൈയ്യിലുള്ളതിനെ അവർക്ക് കൊടുക്കുകയല്ലേ വേണ്ടത്'. തന്റെ മകന്റെ മറുപടിയിൽ ആ പ്രാർത്ഥനാ പുരുഷൻ സ്തബ്ധനായി തന്റെ പ്രാർത്ഥനക്കൊപ്പം അതിനായുള്ള പ്രവൃത്തി ഉണ്ടായില്ല എന്ന് ആ മനുഷ്യൻ തിരിച്ചറിഞ്ഞു.

ഈ അവസ്ഥ തന്നെയല്ലേ പലപ്പോഴും നമ്മുടെ ജീവിതത്തിൽ സംഭവിക്കാറ്. പലതിനെയും പലരേയുംക്കുറിച്ച് നമ്മൾ ആലങ്കാരികമായി പ്രാർത്ഥിക്കുകയും പ്രസംഗിക്കുകയും കണ്ണീർ പൊഴിക്കുകയും ചെയ്യാറുണ്ട്. പക്ഷെ നമ്മുടെ ഭാഗത്തു നിന്ന് ചെയ്യാമായിരുന്ന പല പ്രവൃത്തികളേയും ഉപകാരങ്ങളേയും നാം മനഃപൂർവ്വമോ അല്ലാതെയോ വിസ്മരിക്കുന്നു. വേദപുസ്തകത്തിൽ യാക്കോബ് അപ്പൊസ്തലൻ ലേഖനമെഴുതുമ്പോൾ ഇപ്രകാരം ഓർപ്പിക്കുന്നു വ്യർത്ഥമനുഷ്യാ, പ്രവൃത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമെന്ന് ഗ്രഹിപ്പാൻ നിനക്ക് മനസ്സുണ്ടോ? (യാക്കോബ് 2: 20).

ഇനിമുതൽ നമ്മുടെ പ്രാർത്ഥനയും പ്രസംഗവും പ്രവർത്തികളാൽ നീതികരിക്കപ്പെടട്ടെ. ആമേൻ.

# BMCC 4th Inter-Church Bible Quiz Competition Winners

## Congratulations...




First




Second




Third

HH Studio



ബഹറിൻ പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിലേയ്ക്ക് മടങ്ങുന്ന ബ്രദർ വി.എം. തങ്കച്ചനും ലീലാമ്മ തങ്കച്ചനും BMCC യാത്രയയപ്പ് നൽകി. 42 വർഷങ്ങൾ ബഹറിനിൽ ചിലവഴിച്ച ബ്രദർ തങ്കച്ചൻ മനാമ ബ്രദറൻ അസംബ്ലി അംഗമാണ്.



ബഹറിനിൽ പിന്നും നാട്ടിലേയ്ക്ക് മടങ്ങുന്ന ബ്രദർ ഷിനു പി. രാജുവിന് (സെന്റ്. തോമസ് ഇവാഞ്ചലിക്കൽ ചർച്ച്) BMCC യാത്രയയപ്പ് നൽകി.




May God's blessings guide you further...

18 വർഷത്തെ ബഹറിൻ പ്രവാസജീവിതത്തിന് ശേഷം കൊൽക്കത്ത കേന്ദ്രമാക്കി പൂർണ്ണസമയ സുവിശേഷ വേലയ്ക്കായി യാത്രയാകുന്ന ബ്രദർ ഷിബു ശമുവേലിനും കുടുംബത്തിനും ബഹറിൻ എ.ജി. ചർച്ചിന്റെ സ്നേഹോപഹാരം സീനിയർ പാസ്റ്റർ പി.എം. ജോയി നൽകുന്നു.





ക്രൈസ്തവ എഴുത്തുപുര ബഹറിൻ ചാപ്റ്റർ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. മാനേജ്മെന്റ് ട്രസ്റ്റി ഫിന്നി കാഞ്ഞങ്ങാടിനോടൊപ്പം മറ്റ് പ്രതിനിധികൾ

# ഇതിൽ നീ ഭോഷത്വം പ്രവർത്തിച്ചിരിക്കുന്നു. ഏതിൽ?



**പാസ്റ്റർ തോമസ് വർഗീസ്,**
**കോയമ്പത്തൂർ**

യെഹൂദയിലെ നല്ല ഒരു രാജാവായിരുന്നു ആസാ രാജാവ്. യഹോവ ഭക്തൻ. തന്റെ ദൈവമായ യഹോവയ്ക്ക് ഹിതവും പ്രസാദകരവുമായ കാര്യങ്ങൾ ചെയ്തു. ജനത്തിന് നീതിയും ന്യായവും തന്റെ പിതാമഹനായ ദാവീദിനെപ്പോലെ നടത്തിക്കൊടുത്ത് ദൈവഹിതപ്രകാരം ജനത്തെ ഭരിച്ച രാജാവ്. അദ്ദേഹത്തിന്റെ ഭരണകാലത്ത് കൂശ്യനായ




(എത്യോപ്യ) സേരഹ് 10 ലക്ഷം സൈന്യവുമായി വന്ന യഹൂദയെ ആക്രമിച്ചു എന്നാൽ ആസാ രാജാവ് തന്റെ ദൈവത്തോട് നിലവിളിച്ചു പ്രാർത്ഥിച്ചു (2 ദിന.14: 11). ദൈവം ആസയുടെ പ്രാർത്ഥന കേട്ട് കൂശ്യനായ സേരഹിനെ തോൽപ്പിച്ച് യഹൂദയെ രക്ഷിച്ചു. കൂശ്യൻ നിശ്ശേഷം നശിച്ചു. ചരിത്രം പറയുന്നത് പിന്നീടുള്ള 200 വർഷം എത്യോപ്യർ യഹൂദയെ ആക്രമിക്കാൻ ധൈര്യപ്പെട്ടിട്ടില്ല എന്നാണ്. എന്നാൽ ആസയുടെ വാഴ്ചയുടെ 36-ാം ആണ്ടിൽ യിസ്രായേൽ രാജാവായ ബയേശ വന്ന് യഹൂദയെ ആക്രമിച്ച് രാമ പണിത് ഉറപ്പിച്ചു. എന്നാൽ ഇത്തവണ ആസാ രാജാവ് ഒരു ഭോഷത്വം കാണിച്ചു. തന്നെ കൂശ്യനായ സേരഹിന്റെ കൈയ്യിൽ നിന്ന വിടുവിച്ച യഹോവയെ ആശ്രയിക്കാതെ ആരാം രാജാവായ ബെൻ-ഹദദിന് ദൈവത്തിന്റെ ആലയത്തിലെ വെള്ളിയും പൊന്നും കൈകൂലി കൊടുത്ത് സഹായം അപേക്ഷിച്ചു. ഒരിക്കലും ചെയ്തുകൂടാത്ത ആ കാര്യം ആസാ രാജാവ് ചെയ്ത് തന്റെ ദൈവമായ യഹോവയെ കോപിപ്പിച്ചു. തുടർന്ന് ദൈവം ദർശകനായ ഹനാനിയെ ആസയുടെ അടുക്കൽ അയച്ചു പറഞ്ഞ കാര്യമാണ് 'ഇതിൽ നീ ഭോഷത്വം പ്രവർത്തിച്ചിരിക്കുന്നു. നിനക്ക്, ഇനിയും യുദ്ധങ്ങൾ ഉണ്ടാകും' (2 ദിന.16: 9).

ഇതിൽ നിന്നം നാം ഒരു കാര്യം പഠിച്ചിരിക്കണം 10 ലക്ഷം എത്യോപ്യനായാലും കൊച്ചു രാമയെ പണിത് ഉറപ്പിക്കുന്നതായാലും യുദ്ധം യഹോവക്കുള്ളതാണ്. യഹോവ യുദ്ധവീരൻ. പ്രശ്നം വലുതായാലും ചെറുതായാലും തന്റെ മക്കൾ തന്നിൽ ആശ്രയിച്ച് വിടുതൽ പ്രാപിക്കണമെന്ന് ദൈവത്തിന് നിർബന്ധമുണ്ട്. ഒരിക്കലും നമ്മൾ പ്രശ്നങ്ങൾ വരുമ്പോൾ മനുഷ്യരിൽ ആശ്രയിക്കരുത്. യഹോവ നല്ലവനും കഷ്ടദിവസത്തിൽ ശരണവും ആകുന്നു. തങ്കൽ ആശ്രയിക്കുന്നവരെ അവൻ അറിയുന്നു (നഹൂം 1: 7). എപ്പോഴെല്ലാം ആരെല്ലാം പ്രശ്നങ്ങൾ വന്നപ്പോൾ ദൈവത്തിൽ ആശ്രയിച്ചിട്ടുണ്ടോ അവരെയെല്ലാം ദൈവം വിടുവിച്ചിട്ടുണ്ട്. മറിച്ച് പ്രശ്നങ്ങൾ വരുമ്പോൾ മനുഷ്യരെ ആശ്രയിച്ചാൽ അത് ഭോഷത്വം ആയിരിക്കും. പരാജയവും ദുഃഖവും ആയിരിക്കും അതിന്റെ അനന്തര ഫലം. ഈ 2019 -ൽ യഹോവയായ യാഹിൽ ഹൃദയത്തെ ഉറപ്പിച്ച് അനുഗ്രഹവും സന്തോഷവും സമാധാനവും ഐശ്വര്യവും നന്മയും പ്രാപിക്കാൻ ദൈവം എല്ലാവരേയും സഹായിക്കുമാറാകട്ടെ.




## ലേഖനം എഴുതിയ സന്ദർഭവും പശ്ചാത്തലവും



**ഇവാ. സാം തോമസ്, കണ്ണൂർ**

ലേഖനത്തിന്റെ ആദ്യഭാഗത്തു നിന്നുതന്നെ എഴുതിയ സന്ദർഭവും പശ്ചാത്തലവും വ്യക്തമാക്കുന്നുണ്ട്. ക്രൈസ്തവ സഭയിൽ ഒരു പ്രതിസന്ധി നേരിട്ടു. അഭക്തരായ ചില മനുഷ്യർ സഭയിൽ നുഴഞ്ഞു കയറി. അവർ സഭയിലുള്ള വിശുദ്ധന്മാരെ തെറ്റിക്കുന്നു. ഇവർക്കെതിരെ ജാഗ്രത പാലിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു ഒപ്പം അതിവിശുദ്ധ വിശ്വാസം അഭംഗം കാത്തു സംരക്ഷിക്കുകയും വിശ്വാസമാർഗ്ഗത്തിൽ മല്ലിട്ടു മുന്നേറുവാൻ വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു. ഇവിടെ യൂദാ തന്റെ ലേഖനത്തിൽ ദുരുപദേഷ്ടാക്കന്മാരെ പരസ്യമായി കുറ്റപ്പെടുത്തുകയും അവർക്കു വരുവാൻ പോകുന്ന നിത്യശിക്ഷാവിധിയെ വചനത്തിന്റെ ആധികാരികതയിൽ ഉറപ്പിക്കുകയുമാണ് ചെയ്യുന്നത്. ആദ്യ നൂറ്റാണ്ടിൽ സഭകളിൽ നുഴഞ്ഞുകയറിയ ചില താത്വിക സിദ്ധാന്തങ്ങൾ ഏകദൈവ വിശ്വാസത്തേയും ക്രിസ്തുവിന്റെ ആളത്വം സംബന്ധിച്ച ഉപദേശത്തേയും താറുമാറാക്കി. അവയിൽ ചിലത് താഴെ ചേർക്കുന്നു.

### *1. നോസ്റ്റിക് വാദം* (Gnosticism):

Gnosis എന്ന ഗ്രീക്കുവാക്കിന് അറിവ് എന്നർത്ഥം. അറിവിൽക്കൂടി രക്ഷ പ്രാപിക്കുവാൻ കഴിയുമെന്ന പഠിപ്പിക്കൽ ഈ കൂട്ടർക്ക് ഉണ്ടായിരുന്നു. ഗ്രീക്ക് തത്വചിന്തകന്മാരായ സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ തത്വചിന്തകളിൽ നിന്ന് അടർത്തിയെടുത്ത ആശയങ്ങൾ ആണ് ഇവർക്കുണ്ടായിരുന്നത്. ഈ മതം പ്രധാനമായി മൂന്നു കാര്യങ്ങൾക്ക് ഊന്നൽ നൽകിയിരുന്നു.

1. വസ്തുമയമായ സമസ്തവും തിന്മയാണ്. ആത്മാവ് മാത്രമാണ് നന്മയായുളളത്.
2. തിന്മയായുള്ള വസ്തു ഉപയോഗിച്ചാണ് പ്രപഞ്ചസൃഷ്ടി നടന്നിട്ടുള്ളത്.
3. ശരീരം തിന്മയാകയാൽ, ശരീരം കൊണ്ട് എന്തുചെയ്താലും അതിനു ഗൗരവം കൽപ്പിക്കേണ്ടതില്ല അത് ആത്മാവിനെ ഒട്ടും ബാധിക്കുകയില്ല. ഈ ചിന്താഗതി ധാർമ്മിക പ്രമാണങ്ങളുടെ സാന്ദ്രത കുറയ്കുന്നതിന് മനുഷ്യനെ പ്രേരിപ്പിച്ചു.

### *2. ഡോസെറ്റിസം* (Docetism):-

ഡോക്കേയോ എന്ന ഗ്രീക്കു പദത്തിൽ നിന്നും ഉണ്ടായതാണ് ഡോസെറ്റിസം (പ്രത്യക്ഷതാവാദം). ഇവർ യേശുക്രിസ്തുവിന്റെ ആളത്വവും പ്രകൃതിയും സംബന്ധിച്ച് ദുരുപദേശം രൂപവൽക്കരിച്ചു. യേശുക്രിസ്തുവിന്റെ ദൈവത്വം ഇവർ നിഷേധിച്ചില്ല. എന്നാൽ, മനുഷ്യത്വം നിഷേധിച്ചു. ക്രിസ്തു യഥാർത്ഥത്തിൽ മനുഷ്യനായി തീർന്നില്ല. പ്രത്യുത ഒരു മായാവിയെപ്പോലെ മാത്രം കാണപ്പെട്ടു. നോസ്റ്റിക് വാദികൾ പറയുന്നതുപോലെ ഡോസെറ്റിസവും പഠിപ്പിക്കുന്നത് യേശുവിന് രൂപം മാത്രമാണ് ഉണ്ടായിരുന്നത് എന്നാണ്. ഇവർ യേശുവിന്റെ ജഡാവതാരത്തെ നിഷേധിക്കുന്നതിനാൽ ഇവർക്കെതിരെ ശക്തമായി യോഹന്നാൻ അപ്പൊസ്തലൻ പ്രതികരിക്കുന്നുണ്ട് (1 യോഹ.1: 1-2, 4: 2,3).

### *3. സെറിന്തിയനിസം:*

യേശു കന്യകാജനനത്തിങ്കൽ അല്ല, യോർദ്ദാനിൽ താൻ സ്നാനം ഏൽക്കുമ്പോൾ ആണ് ദിവ്യനായ ഒരാളത്വം തന്റെമേൽ ഇറങ്ങിയത് എന്ന് ഇവർ വിശ്വസിക്കുന്നു. ക്രൂശീകരണ സമയത്ത് തന്നിൽ നിന്ന് ദിവ്യത്വം വിട്ടു പോയതിനാൽ താൻ കഷ്ടം അനുഭവിക്കുകയും മരണത്തിൽ പങ്കാളിയായി തീരുകയും ചെയ്തു എന്ന് വാദിക്കുന്നു. ദിവ്യനായ ക്രിസ്തു കഷ്ടാനുഭവത്തിലോ മരണത്തിലോ പങ്കാളി ആയിരുന്നില്ല എന്ന് വാദിക്കുന്നു. എഫെസോസിൽ ജീവിച്ചിരുന്ന സെറിന്തസ് എന്ന ജ്ഞാനവാദിയാണ് ഈ ഉപദേശം സ്ഥാപിച്ചത്.

### *4. അറിയൂസ് വാദം* (Arianism):-

അറിയൂസ് അലക്സാന്ത്രിയായിലെ പ്രസ്ബിറ്റർ ആയിരുന്നു. താൻ ദൈവപുത്രന്റെ ദിവ്യത്വവും ദൈവത്വവും നിഷേധിച്ചു. ക്രിസ്തു ഇല്ലാത്ത ഒരു കാലം ഉണ്ടായിരുന്നുവെന്നും, ദൈവത്തിന്റെ ആദ്യ സൃഷ്ടി ക്രിസ്തുവാണെന്നും, പിന്നീടുള്ള സൃഷ്ടികർമ്മം പുത്രന്റെ പ്രവൃത്തിയാണെന്നും വാദിച്ചു. ഇദ്ദേഹത്തിൽ നിന്ന് റസ്സൽ ആശയങ്ങൾ കയ്യടക്കി യഹോവയുടെ സാക്ഷികൾ എന്ന മതം ഉണ്ടാക്കി ആദ്യം ഇവരെ അറിയപ്പെട്ടത് റസ്സൽ മതക്കാർ എന്നാണ്. പിന്നീട് റൂഥർ ഫോർട്ട് യെശ.43: 10 ആധാരമാക്കി യഹോവയുടെ സാക്ഷികൾ എന്ന് പേരിട്ടു.

മുകളിൽ പറഞ്ഞ എല്ലാ ദുരുപദേശത്തിനെതിരായും പൗലോസും യോഹന്നാനും പത്രോസും യൂദയും തങ്ങളുടെ ലേഖനത്തിൽ ആഞ്ഞടിക്കുന്നുണ്ട്.

# ഒരുക്കത്തിന്റെ ദിനങ്ങൾ



ബിനു കെ.വറുഗീസ്

കർത്താവ് താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയർത്തെഴുന്നേൽക്കുകയും ചെയ്യും – 1 തെസ്സ.4: 16.

യേശുക്രിസ്തുവിന്റെ വരവിനായ് നാം വളരെ ആഗ്രഹത്തോടും പ്രതീക്ഷയോടും കൂടെ കാത്തിരിക്കുകയാണ്. എപ്പോൾ വരും എന്നറിയുന്നില്ല. എന്നാലും വിളക്കിലെ എണ്ണ ഒട്ടും കുറയാതെ നമുക്ക് ഒരുങ്ങിയിരിക്കാം. നമ്മുടെ ചിന്ത ഒന്നു മാറിയാൽ നമ്മുടെ സാഹചര്യം മാറിയാൽ ഈ ലോകത്തിന്റെ മോഹത്തിൽ വീണാൽ നമ്മുടെ വിളക്കിലെ എണ്ണ കുറഞ്ഞു പോകും ചിലപ്പോൾ പൂർണ്ണമായും കെട്ടു പോകും. വളരെ വർഷങ്ങൾ കർത്താവിന്റെ സന്നിധിയിൽ ഇരുന്ന് പ്രാപിച്ച കൃപകൾ ചെറിയ കാരണത്താൽ നഷ്ടപ്പെടുത്തുവാൻ വളരെ എളുപ്പമാണ്.

കർത്താവായ യേശുക്രിസ്തു നമ്മെ പഠിപ്പിച്ചത് ഇടുക്കു വാതിലിലൂടെ അകത്തു കടപ്പിൻ; ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്, അതു കണ്ടെത്തുന്നവർ ചുരുക്കവും ആണ്. എന്നാൽ നാശത്തിലേക്കുള്ള വാതിൽ വീതിയുള്ളതും അതു വളരെ വിശാലവും ആകുന്നു. അനേകർ ആ വാതിലിൽ കൂടിയാണ് കടക്കുന്നത്. ഒറ്റനോട്ടത്തിൽ തന്നെ നോക്കിയാൽ ഏറ്റവും നല്ലത് ഒന്നിനും കുറവില്ല എന്നൊക്കെ തോന്നിപ്പോകും എന്നാൽ അതിലൂടെ കടന്നു കഴിയുമ്പോഴെ എല്ലാം തിരിച്ചറിയാൻ കഴിയും.

അബ്രഹാമിന്റെ കൂടെ ഇറങ്ങി പുറപ്പെട്ട ലോത്തിനെ നോക്കിയാൽ നമ്മുക്ക് അതു മനസിലാക്കാൻ പറ്റും. അബ്രഹാമിന്റെ ഇടയന്മാർക്കും ലോത്തിന്റെ ഇടയന്മാർക്കും തമ്മിൽ പിണക്കമുണ്ടായപ്പോൾ അബ്രഹാം ലോത്തിനോടു പറഞ്ഞു: നമ്മുടെ ഇടയിൽ പിണക്കമുണ്ടാകാൻ പാടില്ല, ദേശമെല്ലാം നിന്റെ മുമ്പിലുണ്ടല്ലോ നിനക്കിഷ്ടമുള്ളത് തിരഞ്ഞെടുക്കാം, ലോത്തു നോക്കിയപ്പോൾ യോർദ്ദാനരികെയുള്ള പ്രദേശം അതിമനോഹരമായ വളരെ സമൃദ്ധിയായ പ്രദേശം. അവിടേക്കു ദൂരത്തു നിന്നു നോക്കിയപ്പോൾ തന്നെ ലോത്തിനു വളരെ അധികം ഇഷ്ടമായി.

ഉല്പത്തി 13: 14 പറയുന്നത് ഈ ദേശം യഹോവയുടെ തോട്ടം പോലെ എന്നാണ്. ദൈവത്തിന്റെ തോട്ടത്തിന്റെ പ്രത്യേകത അവിടെ ഒന്നിനും കുറവുണ്ടാവുകയില്ല. എല്ലാം ഏറ്റവും നല്ലതു മാത്രം. എന്നാൽ ഇവിടെ ലോത്തു തിരഞ്ഞെടുത്ത ദേശനിവാസികൾ ദുഷ്ടന്മാരും മഹാപാപികളും ആയിരുന്നു. ദുഷ്ടതയും പാപവും ഉള്ളടുത്ത് ദൈവസാനിധ്യം ഉണ്ടാവുകയില്ല. അതുകൊണ്ടാണ് ആ ദേശം നശിക്കുവാൻ ഇടയായത്. അവിടെ നീതിമാനായി ഒരാൾ എങ്കിലും ഉണ്ടായിരുന്നെങ്കിൽ യഹോവയായ ദൈവം അതു നശിപ്പിക്കയില്ലായിരുന്നു. ദൈവത്തിന്റെ സൃഷ്ടിയായ നാം ഓരോരുത്തരും അവനു ഏറ്റവും പ്രിയപ്പെട്ടവരാണ്. നമ്മോടുള്ള അവന്റെ സ്നേഹം അനന്യമാണ്. അതുകൊണ്ടാണ് പിതാവായ ദൈവം പുത്രനായ യേശുക്രിസ്തുവിനെ ഈ ഭൂമിയിൽ അയച്ചു നമ്മുടെ പാപപരിഹാരത്തിനായി കാൽവറിയിൽ യാഗമാക്കിയത്.

യഹോവയാം ദൈവം പുത്രനിലൂടെ നമ്മോടു കരുണ കാണിച്ചതിനാൽ ആണ് ദൈവത്തിൽ നിന്നും അകന്നു പോയ നമ്മെ ദൈവം കൂടുതൽ അവങ്കലേക്ക് അടുപ്പിച്ചത്. യേശുവിലൂടെ നാം നിത്യതയിലേക്ക് കടക്കുവാനായ് അവന്റെ വരവിനായ് നാം ഓരോരുത്തരും കാത്തിരിക്കുകയാണ്. ദൈവത്തിന്റെ കാഹളം കേൾക്കാൻ കൊതിക്കുന്ന നമ്മൾ ഈ വർഷത്തിൽ അനേകം കൃപകൾ പ്രാപിപ്പാനും കിട്ടിയ കൃപകൾ നമുക്ക് മറ്റുള്ളവരിലേക്ക് പകരുവാനും വലിയവനായ കർത്താവ് എല്ലാവരേയും സഹായിക്കട്ടെ! ആമേൻ!!

വിസ്മയക്കാഴ്ചകൾ

# ഒരു ഭ്രാന്തിയുടെ സുവിശേഷം



പാസ്റ്റർ റ്റി.എൽ. ഷാജി

തലസ്ഥാന നഗരിയുടെ കിഴക്ക് പടിഞ്ഞാറ് സ്ഥിതിചെയ്യുന്ന ഒരു മലയോര നഗരം. പച്ചപട്ടു പുതച്ചു നിൽക്കുന്ന ആ സ്ഥലത്തിന്റെ പേരിനൊപ്പം പച്ച എന്ന് കൂടി കൂട്ടിച്ചേർക്കപ്പെട്ടത് കേവലം യാദൃശ്ചികം അല്ലാതിരിക്കാനാണ് സാധ്യത. വെറും പാലോട് എന്നല്ല പച്ച പാലോട് എന്നാണ് ആ സ്ഥലത്തിന്റെ പേര്. പേര് അന്വർത്ഥമാക്കും വിധം പ്രകൃതി കനിഞ്ഞു നൽകിയ വരദാനങ്ങളുടെ നിറവിൽ തല യുയർത്തി നിൽക്കുകയാണ് ആ ചെറിയ പട്ടണം.

തിരുവനന്തപുരത്തേക്കുള്ള ഒരു യാത്രയിൽ പാലോട് ബസ് കാത്തു നിൽക്കുകയായിരുന്നു ഞങ്ങൾ. തിരുവനന്തപുരം എന്ന ബോർഡ് വെച്ചു വന്ന ബസ് കെ.എസ്. ആർ.ടി.സി ബസിൽ കയറുവാൻ യാത്രക്കാർ അധികമായിരുന്നു. ആ തിരക്കുള്ള ബസിൽ ഞങ്ങളും ഒരുവിധത്തിൽ കയറിപ്പറ്റി. ജനം തിങ്ങിനിറഞ്ഞു നിൽക്കുന്ന ബസിനുള്ളിൽ ഒരു പ്രത്യേക ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് ഭ്രാന്തിയായ ഒരു സ്ത്രീ കയറിവന്നു. അവരുടെ ശരീരത്തിന്റെ സ്പർശനം ഏൽക്കാതെ എല്ലാവരും ഒഴിഞ്ഞു മാറി. വല്ലാത്ത ദുർഗന്ധം വമിച്ചതിനാൽ ചിലർ മൂക്കത്തു കൈവച്ചു.



ബസിൽ നിന്നിറങ്ങുവാൻ കണ്ടക്ടർ നിർദ്ദേശിച്ചുവെങ്കിലും അവൾ അത് കൂട്ടാക്കാതെ ജനത്തിന്റെ ഇടയിലൂടെ നുഴഞ്ഞു കയറി ഡ്രൈവറുടെ അരികിലെത്തി. ഇതിനിടയിൽ അവൾ എല്ലാവരുടേയും ശ്രദ്ധാകേന്ദ്രമായി മാറിക്കഴിഞ്ഞിരുന്നു. ബസ്സിന്റെ മുമ്പിലെത്തിയ അവൾ ജനത്തിന് അഭിമുഖമായി തിരിഞ്ഞു വല്ലാതെ അധരചർവ്വണം നടത്തിക്കൊണ്ടിരുന്നു. അവളുടെ സംസാരം മറ്റൊരു മേഖലയിലേയ്ക്ക് ഇരച്ചു കയറി. അത് കേവലം പുലമ്പലുകൾ മാത്രമായിരുന്നില്ല. അവളുടെ വാക്കുകൾ കാണുക. ജയമാല (കന്നട നടി) അവൾ അയ്യപ്പനെ തൊട്ടത് അയ്യപ്പന് ഇഷ്ടപ്പെട്ടില്ല. ഇത് പലതവണകൾ ആവർത്തിച്ചുകൊണ്ടിരുന്നു. ആ ദിവസങ്ങളിലെ പ്രധാന വാർത്തയായിരുന്നു കന്നട സിനിമാ നടി ശബരിമലയിൽ എത്തി അയ്യപ്പനെ തൊട്ടു എന്നുള്ളത്. തൊട്ടു, തൊട്ടില്ല എന്ന വാദപ്രതിവാദങ്ങൾ മീഡിയക്കാർ ഉത്സവമാക്കിയിരുന്നതിനാൽ കേട്ടവർക്കെല്ലാം വേഗത്തിൽ സംഗതി പിടികിട്ടി. പക്ഷെ ഞങ്ങളെ വിസ്മയിപ്പിച്ചത് അതല്ലായിരുന്നു അവളുടെ സംഭാഷണം മറ്റൊരു ദിശയിലേക്ക് വഴിമാറി. അതിങ്ങനെയായിരുന്നു 'അയ്യപ്പനെ തൊട്ടത് അയാൾക്ക് ഇഷ്ടപ്പെട്ടില്ല, എന്നാൽ പന്ത്രണ്ട് വർഷം രക്തസ്രാവമുള്ള ഒരു സ്ത്രീ യേശുവിനെ തൊട്ടു. തൊട്ടതുകൊണ്ട് അവൾ സൗഖ്യമായി. ആർക്കുവേണമെങ്കിലും എപ്പോൾ വേണമെങ്കിലും എന്റെ യേശുവിനെ തൊടാം. അവൻ ആരേയും വഴക്കു പറയുകയില്ല, പിണങ്ങുകയുമില്ല. മനുഷ്യരുടെ സ്പർശനം കൊണ്ട് അശുദ്ധനാകുന്നവനല്ല ഈ യേശു. യേശു പാപികളെ രക്ഷിക്കുന്നു, യേശു രോഗികളെ സൗഖ്യമാക്കുന്നു. ആർക്കുവേണമെങ്കിലും അവനെ തൊടാം'. ആർക്കുവേണമെങ്കിലും എന്നു പുലമ്പികൊണ്ട് അവൾ ബസ്സിന്റെ പുറകിലേക്ക് നടന്നു നീങ്ങി. അടുത്ത സ്റ്റോപ്പിൽ അവൾ ഇറങ്ങുമ്പോൾ എല്ലാ കണ്ണുകളും അവളിൽ പതിഞ്ഞിരുന്നു. നിഗമനം ശരിയാണോ എന്നറിയില്ല പിന്നാലെ വരുന്ന ബസ്സിൽ കയറി യേശുവിന്റെ സാക്ഷിയാകുവാനുള്ള ഭാവം ആ മുഖത്ത് നിഴലിച്ചിരുന്നു.

ഈ സംഭവം ഒരു അവിശ്വസനീയമായി തോന്നാം. എന്നാൽ ഇത് സത്യസന്ധമായ ഒരു സാക്ഷ്യപ്പെടുത്തലാണ്. സുബോധമുള്ളവർ കാഴ്ചക്കാരായി നിൽക്കുമ്പോൾ സുബോധം നഷ്ടപ്പെട്ടവൾ യേശുവിന്റെ സാക്ഷിയായി. വിശ്വസ്തർ അവിശ്വസ്തരായി തീരുമ്പോൾ അവൻ വിശ്വസ്തന്മാരെ പുറത്തു കൊണ്ടുവരും.

# Knowledge Cafe

Jijo Angamaly

## PUZZLE 20

### BUGS IN THE BIBLE

*Are you sacred of bugs?*
*Bugs and other creatures*
*are mentioned in the Bible!*

Your task is to find 13 little creatures from the Bible. The first letter on the book and the references are given below to make your search easy!!

1. P 6:6
2. P 78:45
3. M 23:24
4. J 14:8
5. A 12:23
6. L 11:22
7. L 11:22
8. D 7:20
9. E 16:20
10. 1 S 24:14
11. I 50:9
12. I 59:5
13. L 11:22

## WINNERS -19

(Through draw out of correct entries)



**Bible Quiz**
**ALICE GEORGE**
*The Full Gospel Church of Suvartha, Bahrain*



**Puzzle**
**JANET K. JOHN**
*IPC Peniel, Bahrain*

## BIBLE QUIZ 20

1. 'നിന്റെ അധികാരം ഞാൻ അവന്റെ കയ്യിൽ ഏൽപ്പിക്കും. അവൻ യെരുശലേം നിവാസികൾക്കും, യെഹൂദാ ഗൃഹത്തിനും ഒരു അപ്പനായിരിക്കും'. അവൻ ആര്?
2. ഒരേ പേരുള്ള മക്കളുള്ള അപ്പനും മകനുമാര്?
3. വിളവ് ചുട്ടുകളഞ്ഞവനാണ് ശിംശോൻ. എന്നാൽ കൃഷി ചുട്ടുകളവാൻ ഭൃത്യന്മാരോട് ആവശ്യപ്പെട്ടതാര്?
4. എട്ടാം ദിവസം പേരിട്ടതാർക്ക്?
5. ഇദ്ദേഹം ഭണ്ഡാരവിചാരകനായിരുന്ന സ്ഥലത്തുള്ള സഭയ്ക്ക് പൗലോസ് രണ്ട് ലേഖനങ്ങളെഴുതിയിട്ടുണ്ട്. ഭണ്ഡാരവിചാരകനാര്?
6. 'നീ അവർക്ക് പ്രേമഗീതം പോലെ ഇരിക്കുന്നു'. ആര്?
7. ആദിമുതൽ കുലപാതകൻ എന്ന് പറഞ്ഞിരിക്കുന്നത് ആരെക്കുറിച്ച്?
8. 'അയയ്ക്കപ്പെട്ടവൻ' എന്ന് അർത്ഥം വരുന്ന കുളം?
9. 'നൂറ് വയസ്സുള്ളവനായാലും ശപിക്കപ്പെട്ടവൻ' ആര്?
10. ഒന്നിലധികം പേർക്ക് ഒരേ സമയത്ത് അല്പസമയത്തേക്ക് കാഴ്ച നഷ്ടപ്പെട്ടു. ഏത് ദേശക്കാർ?

---

1. "I will commit your responsibility into his hand. He shall be a father to the inhabitants of Jerusalem and to the house of Judah" Who is 'he' in this prophecy?
2. Name the father and son who have sons with same name?
3. Samson is the one who burned up the shocks and the standing grain. But who asked his servants to set the field on fire?
4. Who was named on the eight day?
5. Paul wrote two letters to the place where he was the treasurer of the city. Name the treasurer?
6. "Indeed you are to them as a very lovely song " Who is he?
7. About whom did it mention that "he was a murderer from the beginning"?
8. Name the pool which has the meaning 'Sent'?
9. Being one hundred years old shall be accursed. Who?
10. Many citizens of this country became blind at once for a while. Name the country?


E-mail : hhgulfnews@gmail.com
Whatsapp : 00973 38383399


ഉത്തരങ്ങൾ ഏപ്രിൽ 20-ന് മുമ്പായി അയക്കുക
**Kindly send the answers by 20th April**

## ശരി ഉത്തരങ്ങൾ Issue #19

### ബൈബിൾ ക്വിസ്

1. അർഗ്ഗോബ് – Deu.3: 4
2. അബ്യാഥാർ – 1 Sam.22: 18-20
3. ഈശ്–ബോശെത്ത് – 2 Sam.2:8, Gene.32:2
4. അഹരോൻ Num.33: 39
5. ദാവീദ് – 2 Sam.12: 16
6. യിസഹാക്ക് – Gene.25: 21
7. യിരെമ്യാവ് – Jere.1: 1
8. മത്ഥാൻ – 2 Kin.11: 18
9. യാക്കോബ് – Gene.48: 14
10. ശരി – Dan.1: 7, 6: 16

### Puzzle

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| Y | M | J | Y | V | A | R | D | H | T |
| A | Y | O | Z | P | C | O | V | M | C |
| L | Y | P | V | S | T | M | H | A | O |
| P | C | P | Z | T | S | A | E | E | R |
| E | B | A | U | Q | M | N | I | M | N |
| T | B | J | E | S | U | S | S | H | E |
| E | B | A | P | T | I | Z | E | D | L |
| R | V | G | E | N | T | I | L | E | I |
| C | E | N | T | U | R | I | O | N | U |
| V | R | E | H | E | E | Y | J | B | S |

## KINDLY NOTE A FEW IMPORTANT POINTS

*The prime aim behind Hello Hope Knowledge Cafe is to encourage everybody to have a deep knowledge of the Word of God. We are happy to get a great response as we receive hundreds of entries for each issue and the names of those who send correct answers are published accordingly. Quiz Master is dedicating his time and a lot of effort in preparing it. Let us request your attention to the following points upon our feedback:*

1. Kindly do not send answers in the names of your children, if the answers are found by the parents. By doing so, an opportunity for your children to learn the Word of God will be lost. We may also contact the sender in case of doubtful entries for the sake of children.
2. Do not share the answers with others until the next issue comes out.
3. Eventhough, it's fair to discuss with others to find the answers, do not try to copy the answers found by someone else.
4. We were surprised to see forwarded answers without deleting the original names.
5. If we can get appreciation certificate by our faithful acts before God, it will be a great example for others.

## Bible Quiz & Puzzle
## Those who sent correct answers

Issue 19

1. Jessy Jacob, AG Church Bahrain
2. Reji poulose, IPC Bethesda
3. Bibi Saji, IPC Bethesda
4. Suja Thomas, IPC Bethesda
5. Annamma Varghese, IPC Bethesda
6. Mary Francis, IPC Immanuel
7. Annie Abraham, IPC Immanuel
8. Chris Johnson, Bahrain Church of Living God
9. Anie Mathew, COGFG, Subhash Nagar, New Delhi
10. Metty Shibu, Sharon Fellowship Church
11. Evangeline Grace Bovas, Sharon Fellowship Church
12. Suby Lijo Mathew, COGFG Prayer fellowship
13. Sajini Brijesh, COGFG Prayer fellowship
14. Scici Jaison, New India COG, Adoor, Ernakulam
15. Sabitha Samzon, COG In India, Alapuzha
16. Feba Mariyam Varghese, IPC Dublin, Ireland
17. Jessy Anish, Immanuel Church, KSA
18. Jochebed Susan Thomas, IPC Bahrain
19. Jonathan Jacob Thomas Kadavil, IPC Bahrain
20. Alice George, The FG Church of Suvartha
21. Feba Minu, IPC Bethel
22. Manju Nevin, IPC Bethel
23. Ajeena Dileesh, IPC Bethel
24. Kripa Mohanan, AG Kasargod Town
25. Mathew Issac, Wycombe Prayer Centre, UK
26. Lincy Roopesh, Church of God Bahrain
27. Blessy Blesson, Indian Revival Assembly
28. Nissy Paul Rajan, Brethren Assembly, Salmabad
29. Samuel Sam John, St.Thomas Evangelical Church
30. Susan Shaji, Gilgal COG, Sharjah

## Bible Quiz only

1. John Joseph, AG Bahrain
2. Sophy Sam, IPC Shalom
3. Sheena Reji, Bethel Pentecostal Church
4. Glory Ponnaiah, Sharon Fellowship Church
5. Sheena Jose, COGFG Prayer Fellowship
6. Kunjumol Saji, COGFG Prayer Fellowship
7. Ani Satheesh, IPC Ebenezer, Poovathoor, Pullad, Pathanamthitta
8. Ajitha Roy, COGFG, A'ali
9. Jibin C. Samuel, Bethesda AG Church, Vashi, Navi Mumbai
10. Alice Varghese, Church of God Bahrain

## Puzzle Only

1. Joella BNejoy John, BBA Majlis
2. Abiya Bobes, BBA Majlis
3. Irine Jijo. P, BBA Majlis
4. Dion Biju Daniel, BBA Majlis
5. Dave Valzan George, BBA Majlis
6. Aaron Koshy Chacko, AG Bahrain
7. Ezekiel Viswas Thomas, AG Bahrain
8. Esther Sarah Viswas, AG Bahrain
9. Ethan Viswas Thomas, AG Bahrain
10. Clarissa Yacob, AG Bahrain
11. Earnest yacob, AG Bahrain
12. Aneeta Thomas, AG Bahrain
13. Aaron Binu, AG Bahrain
14. Elona Sara Philip, AG Bahrain
15. Ashish T. tom, AG Bahrain
16. Daniel Thomas, AG Bahrain
17. Alna Binu, AG Bahrain
18. Nathan Roy, AG Bahrain
19. Ann Elizabeth George, AG Bahrain
20. Elizabeth Anna Thomas, IPC Bethesda
21. Aksa Thomas, IPC Bethesda
22. Bethany mariyam Abraham, IPC Bethesda
23. Esther Anna Thomas, IPC Bethesda
24. Bright Tom Anil, IPC Bethesda
25. Aneeta Ann Saji, IPC Bethesda
26. Adona Merin Benoy, IPC Bethesda
27. Feby Hanna Reji, IPC Bethesda
28. Bezalel Benny, IPC Bethesda
29. Bettina Benny, IPC Bethesda
30. Ambily Thomas, IPC Bethesda
31. Irene Ann Thomas, IPC Bethesda
32. Alfi B.S, IPC Bethesda
33. Naithen Lal, IPC Bethesda
34. Alby Jinu Abraham, IPC Bethesda
35. Anugraha Anna Anil, IPC Bethesda
36. Anugrah Roy, IPC Bethesda
37. Moses V.John, COGFG in Bahrain (Bethel)
38. Janet K.John, IPC Peniel
39. Feby Ann John, IPC Peniel
40. Aaron Santhosh, IPC Peniel
41. Shawn Stijo, IPC Peniel
42. Riya Renjith, IPC Peniel
43. Riniya Renjith, IPC Peniel
44. Sheron Issac Saju, IPC Peniel
45. Chris Mathew Aje, IPC Shalom
46. Ashley James, IPC Shalom
47. Pebin Paul Penny, IPC Shalom
48. Jeremiah Susan Jacob, IPC Shalom
49. Praise James Jacob, IPC Shalom
50. Elizabeth Mary Ginzy, IPC Shalom
51. Ansley Mariam Sam, IPC Shalom
52. Aksa Sam, IPC Shalom
53. Betsy Mary Biju, IPC Shalom
54. Daniel Lalu, IPC Immanuel
55. Aaron Anil Abraham, IPC Immanuel
56. Annie Regi, IPC Immanuel
57. Esther Elssa Ani, IPC Immanuel
58. Irine Elizabeth Anil, IPC Immanuel
59. Grace Mary Anil, IPC Immanuel
60. Abel Monsi, Christ Church International
61. Helen Grace Roy, Christ Church International
62. Binta Elsa Bobby, Bahrain Church of Living God
63. Brijil Bobby, Bahrain Church of Living God
64. Ansa Saju, Bahrain Church of Living God
65. Aaron Saju, Bahrain Church of Living God
66. Evelyn Latson Thomas, Bahrain Church of Living God
67. Aaron Johnson, Ghafool Brethren Assembly
68. Jemimah James, Ghafool Brethren Assembly
69. Medlene Selja, St. Christopher Cathedral Tamil Church
70. Alwin Mathew Sam, Bethel Pentecostal Church
71. Renitta Reji, Bethel Pentecostal Church
72. Sarah Mariyam Soju, Bethel Pentecostal Church
73. Sanu Mathew, Bethel Pentecostal Church
74. Siji Joy, IPC Thekkumbhagam, Thodupuzha
75. Lordie Allin Thomas, Immanuel Gospel Church
76. Johncy Vesily, IPC PCK, Kuwait
77. Rincy Gracy Roy, Sharon Fellowship Church
78. Riya Solomon, Sharon Fellowship Church
79. Aanie R.Stuvert, Sharon Fellowship Church
80. Dijon Abraham Manoj, Sharon Fellowship Church
81. Rufus Babu George, Sharon Fellowship Church
82. Alice Issac Sunny, CSI Christ Church, Mavelikara
83. Sherin Varghese, Nirmal Ministries, Nepal
84. Kevin Tom, COGFG Prayer Fellowship
85. Joel Jose, COGFG Prayer Fellowship
86. Joshua. S, COGFG Prayer Fellowship
87. Mansi Berlin, COGFG Prayer Fellowship
88. Janus Nelson, COGFG Prayer Fellowship
89. Joel Jose, COGFG Prayer Fellowship
90. Ashin K. Saji, COGFG Prayer Fellowship
91. Abel Vinod, IPC Hebron
92. Naithan Jiji Thomas, IPC Hebron
93. Aksah Mary Mathew, IPC Hebron
94. Issac P. Abraham, IPC Hebron
95. Ansa Shalu, IPC Hebron
96. Natasha Vinay, IPC Hebron
97. Doma Rose Siju, Immanuel Gospel Church
98. Danny T. Manoj, IPC Bahrain
99. Dawn Ann Manoj, IPC Bahrain
100. Deborah Sara Jaison, IPC Bahrain
101. Kesiya Sara John, IPC Bahrain
102. Jace Shajan Mathew, IPC Bahrain
103. Esther Lovinson, IPC Bahrain
104. Lintu Sam, The Full Gospel Church of Suvartha
105. Jeremiah Ivin Mathew, The Full Gospel Church of Suvartha
106. Blessy Mary Jacob, The Full Gospel Church of Suvartha
107. Amliya Roy Chacko, COGFG, A'ali
108. Saumya Thomas, COGFG, A'ali
109. John K. Paul, IPC Abudhabi
110. Jerome Thomas Santhosh, IPC Bethel
111. Irene Nebu, IPC Bethel
112. Liya Surendran, Manama Brethren Assembly
113. Justin Shinu George, The Full Gospel Church of Philadelphia
114. Hena Jemima Libin, Blessed Church of God
115. Radhakrishnan, IPC Tamil Church

### Bible Quiz/Puzzle Terms & Conditions

1. Quiz Master's decision will be final.
2. There is no age limit for participation.
3. Answers can be sent by e-mail and whatsapp.
4. Kindly send name, photo, church and contact number along with answers.
5. Winners will be selected through a draw in case there are more than one correct entry.
6. Winners name and photo will be published in next issue.
7. Attractive prizes will be awarded to winners.
8. Incomplete answers will not be entertained.
9. Bible Quiz answers should be sent along with reference.
10. There will be separate prizes for both Bible Quiz and Puzzle.
11. All those who send correct answers will receive HH Appreciation Certificate.

# SPIRITUAL LEADERSHIP AND ITS SUCCESSION

*(Continued form Page 1)*

Dr. P C Abraham

### 2.Moses the successful leader

Moses was the young Egyptian Prince from the palace of Pharaoh who was enjoying the best luxurious life and royal privileges of that time. Bubbling with passion and energy one day he usurped himself as a leader of the large Jewish slave community for their emancipation. God said, NO Moses; it is not yet time nor are you ready for the task. Moses had to learn the basic lesson in transformational leadership that it is God-centered divine wisdom and not the acquired human knowledge that qualifies a spiritual leader: "Not by might, nor by power, but by My Spirit, says the Lord." Zach. 4:6. Therefore, God plucked this dynamic enthusiastic leader from the Pharaoh's palace to the lonely training ground of Midian, near Saudi Arabia for a forty year program, teaching him patience, humility and trust in shepherding which equipped him for the third forty year period of his leadership life. That was the most eventful leadership experience for Moses, though painful but rewarding, struggling but equipping, risk-taking but rewarding, unparalleled in the history of mankind.

### 3.Biblical leadership is Servant leadership

It is a pursuit of cross-bearing through Calvary road. The path may become slippery and at times thorny, with criticisms, misunderstanding, dissension, accusations and isolation. What God did with his only Son, was also not different. "… In bringing many sons to glory, to make the captain of their salvation perfect through suffering". Heb. 2: 10. Attached with captaincy is the suffering. "No thorns, no crown" is the Kingdom principle.

Apostle Paul, Christ's brand ambassador of the gospel for the gentiles also had similar stories to tell. To those who questioned Paul regarding his apostolic authority we see the fitting reply this transformational leader had encapsulated in 2 Cor. 11: 22 to 29

Secular leadership is different. The world may honor their leaders with accolades and privileges. But it is transient. World's eligibility criteria for leadership is composed of personality, skills, vision, passion and motivation etc. Maneuvering, manipulation, politicizing etc. may be acceptable norms in a worldly leadership pursuit. Not so in Biblical leadership. Here, it is a calling towards servant leadership. It is sacrificial and self-denying. As one makes himself available when called, the lord fills him with the needed abilities in response to his trust and according to his needs.

### 4. Joshua, the successor

Succession of leadership is as important as leadership itself. Moses could identify his successor quite early in his forty year period of leadership role that gave him enough time to train and equip Joshua.

*i. Confidence building of the successor. Ex. 17: 9*

Moses assigns the responsibility of fighting the battle with Amalakites to Joshua, while he goes up the hill with Aaron and Hur in prayer and supplication for Joshua. Moses trusted in the abilities of this inexperienced youngster and took the risk. Probably, Joshua, at the thick of the fighting, would have looked up to see his mentor Moses with raised hands interceding before the lord. This gave Joshua the needed confidence and trust to progress further with the mentorship under Moses.

*ii.Associating the successor for him to realize the gravity of leadership. Ex. 24: 13*

Israel is camping at the foot of Mount Sinai. God had summoned Moses to go up the mountain to receive the stone tablets he had written. Moses takes Joshua with him as he goes up. As only Moses was permitted to go further, he leaves him away short of the top but sufficiently close enough that he could see the glory of God and see his leader in transaction with God. On return, Joshua joined Moses and together they come down to meet the waiting crowd.

*iii. Joshua, the appointed servant in the tent of Moses. Ex. 32: 11*

Joshua moved in with Moses as his ministering servant when Moses pitched his tent outside the camp. He was willing to be separated from others to assist Moses in his busy schedules. He began to see the weighty demands of leadership and the cost of loneliness.

*iv. Joshua accepted correction when got it wrong. Num. 11: 28*

Although Joshua's intention of safeguarding the authority of Moses was appreciable, his perception and request was not biblical and acceptable to the lord. Therefore, Moses had to correct him which Joshua gracefully accepts. Remains teachable and always willing to accept correction are the hallmark of servant leader.

*v. The successor stands tall, true to his convictions. Num. 14: 6, 30, 38*

Joshua quickly learned the lesson: "It is better to die for your conviction rather than to live with a compromise". When he knew that with Celeb he is only a small minority against the ten highly charged lambasting majority, Joshua decided to stay calm trusting in the promises of the lord. With no hesitation he was prepared to be a minority, risked his life for the right cause and he was vindicated and rewarded.

*vi. The Successor gets ready to take over. Num. 27: 22, 23*

At the appointed time Moses passes the baton on to the prepared and equipped Joshua with the mandate to take the people across the Jordan River, over to the Promised Land by publicly anointing Joshua and making the necessary announcements of the leadership change. The succession thus is almost concluded.

*vii. Joshua the leader with an assignment. Num. 34: 47*

Joshua was made responsible to handle the remaining task of dividing the land among the twelve tribes of Israel as the last task of this towering personality. Joshua moves on. Moses stays back, climb up the hilltop of Pisgah for a last view of the "good and large land, the land flowing with milk and honey" that Jehovah, forty years ago spoke about from the burning bush in Horeb, but now forbidden for him to enter. Moses accepts the verdict and gladly slips to the bosom of the loving Jehovah and dies. God is not a debtor to any, as years later, God invited Moses to meet His Son Jesus Christ to participate in a unique experience along with Elijah on the Mount of Transfiguration, the pinnacle of Promised Land.

Wherever succession of leadership is handled biblically, the witness of the ministry continues, grows and even develops to new dimensions. How important it is for the eldership in our assemblies ensures that they do not drop the ball of Bible-centered succession of leadership by identifying and systematically grooming the called out to entrust the leadership ministry.


തക്ക തുണ

HH Matrimonial

**Searching suitable alliance for pentecostal boy (28y) working in Bahrain.**
**Tel: +973 66917697, +91 8157885846**
**E-mail: jerinm090@gmail.com**

**Suitable proposal invited for Pentecostal girl . She is from Syrian Catholic,28/151cm, fair, Bsc Nurse,working in Bahrain as a nurse, from spiritual, educated boys.**
**Tel/WhatsApp: 00973 33106828**



HH Rhythm

നിൻ സ്നേഹ സാന്ത്വന സ്പർശം
എൻ പ്രാണനുയിരേകും ജീവാമൃതം
നിൻ സ്നേഹമാധുര്യ സുസ്മിതം
എൻ കരളിൽ കുളിരേകും ദിവ്യ ഹർഷം.

യേശു നാഥാ നിനക്കു തുല്യനായി
ആരുമില്ലീയുലകിൽ
ഏഴയെനിക്കായി ചൊരിഞ്ഞല്ലോ നിൻരുധിരം
എൻ പാപം പോക്കി, അശുദ്ധി നീക്കി
നിൻ പൈതലായെന്നെ സ്വീകരിച്ചു.

നിന്നധരങ്ങൾ അരുൾ ചെയ്യും വചനം
എന്നാത്മാവിനനുദിനം പരിപോഷണം.
ആത്മാഭിഷേകം നിൻ കൃപാദാനം
ആയതാൽ സാദ്ധ്യം ജയ ജീവിതം.

തരുന്നിതാ ഏഴയെ സമ്പൂർണ്ണം
സഫലമാകട്ടെന്നിൽ നിൻ തിരുഹിതം
ഉയരട്ടെന്നും ദേവ നിൻനാമം
നിറയെട്ടഖിലവും തിരുമഹത്വം.



ഡോ. മാത്യു സി. വർഗീസ്

# ഉപവാസം
## പുതിയനിയമ അർത്ഥവും ഇന്നിന്റെ പ്രവണതകളും

**പാസ്റ്റർ ടൈറ്റസ് ജോൺസൻ**

*(....ഒന്നാം പേജിൽ നിന്ന് തുടർച്ച)*

മറ്റു ചിലതിനെ യേശു പരിഷ്കരിച്ചു. അതുകൊണ്ട് ആ മാറ്റം കണക്കിലെടുത്ത് വേണം നാം ക്രിസ്തീയ പ്രമാണങ്ങളെ ഗ്രഹിക്കുകയും പ്രമാണിക്കുകയും ചെയ്യുവാൻ ഉപവാസത്തെക്കുറിച്ച് ക്രിസ്തീയ പാഠം എന്തെന്ന് നാം പുനർവിചിന്തനം നടത്തുന്നത് ഉചിതമാണെന്നു കരുതട്ടെ.

### വ്യക്തിപരമായ ഉപവാസത്തിന്റെ രഹസ്യഭാവം

ക്രിസ്തീയ ആത്മീയതയുടെ ഉറവിടമായ യേശുക്രിസ്തു ഉപവാസത്തെക്കുറിച്ച് ആദ്യമായി പറഞ്ഞ വചനം മത്തായി 6:16 മുതൽ 18 വരെ കാണുന്നു. ഇവിടെ 'നീയോ ഉപവസിക്കുമ്പോൾ......' എന്ന് തുടങ്ങി പറയുന്ന ഭാഗം ക്രിസ്തീയ ഉപവാസത്തെ യഹൂദ ഉപവാസരീതിയിൽനിന്നും വേർതിരിച്ചു കാണിക്കുന്നു. ഉപവാസത്തിൻറെ രഹസ്യഭാവമാണ് ഇവിടുത്തെ പ്രതിപാദ്യം. '.....ഉപവാസം മനുഷ്യർക്കല്ല രഹസ്യത്തിലുള്ള നിന്റെ പിതാവിന് വിളങ്ങേണ്ടതിനു....' എന്ന് എഴുതിയിരിക്കുന്നു. ഉപവസിക്കുന്ന വ്യക്തിയും ദൈവവും തമ്മിലുള്ള രഹസ്യമായ ഇടപാടാണ് ഇവിടെ ഉപവാസം. ഉപവസിക്കുന്ന വ്യക്തിയുടെ പിതാവായാണ് യേശു ഇവിടെ ദൈവത്തെ പരിചയപ്പെടുത്തുന്നത്. അതായത്, ദൈവവുമായി ഒരു പിതൃ പുത്രബന്ധം സ്ഥാപിച്ചെടുത്തവർക്ക് മാത്രം ഉള്ളതാണിത്. കഠിനഹൃദയനായ ഒരു വ്യക്തിയിൽ നിന്നും എന്തോ കാര്യം സാധിച്ചെടുക്കുന്നതിനുള്ള മനോഭാവത്തോടെ ഉപവാസത്തിൽ ഒരിക്കലും ദൈവത്തോട് സമീപിക്കുവാൻ യേശു പഠിപ്പിക്കുന്നില്ല. പിതാവും പുത്രനും തമ്മിലുള്ള ഗൗരവമായ ആശയവിനിമയത്തിൻറെ രഹസ്യഭാവമാണിത്. 'പിതാവേ' എന്ന് വിളിച്ചു ഉപവസിച്ചു പ്രാർത്ഥിക്കുവാൻ ആദ്യം പുത്രത്വം ഉറപ്പ് വരുത്തണമെന്നു ഈ ഭാഗം ഓർപ്പിക്കുന്നു.

### ഉപവാസത്തിൻറെ പ്രേരക ഘടകം

മർക്കോസ് 2 ലും മത്തായി 9 ലും ഉപവാസത്തെപ്പറ്റിയുള്ള യേശുവിന്റെ മറ്റൊരു പരാമർശം കാണാം. യോഹന്നാൻറെ ശിഷ്യന്മാർ യേശുവിനോട് ഉപവാസത്തെപ്പറ്റി ചോദിക്കുന്നു: 'നിന്റെ ശിഷ്യന്മാർ ഉപവസിക്കാത്തതെന്ത്?' അതായത്, യേശുവിന്റെ ഭൂമി കാലയളവിൽ അഥവാ യേശു ഒപ്പമുള്ളപ്പോൾ ശിഷ്യന്മാർ ഉപവസിച്ചില്ല എന്നുള്ള ചിന്ത ഇവിടെ പ്രബലമാകുന്നു. അതിനെ സാധൂകരിക്കുന്നതായിരുന്നു യേശുവിന്റെ മറുപടി. 'മണവാളൻ കൂടെയുള്ളപ്പോൾ തോഴ്മക്കാർക്ക് (the attendants of the bridegroom) ഉപവസിപ്പാൻ കഴിയുമോ? മണവാളൻ കൂടെയിരിക്കും കാലത്തോളം അവർക്ക് ഉപവസിപ്പാൻ കഴിയുകയില്ല'



(മർക്കോസ് 2:19). അപ്പോൾ തോഴ്മക്കാർക്ക്പോലും ഉപവാസം വേണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് മണവാളന്റെ സാമീപ്യമോ അകലമോ ആണ്!! അങ്ങനെ തോഴ്മക്കാർക്ക് പോലും ഉപവാസത്തിൻറെ പ്രേരകം മണവാളൻ അരികെയില്ലാത്ത സമയം എന്നതാണെങ്കിൽ, മണവാട്ടിയുടെ ഉപവാസ കാരണം വിരഹദുഖമല്ലാതെ മറ്റെന്താണ്? അതായത്, ഇന്ന് കൂടെയില്ലാത്ത മണവാളനെക്കുറിച്ചുള്ള, അവനോടു എത്രയും വേഗം ചേർന്നിരിക്കാനു ള്ള ആത്മദാഹമാണ് ഉപവാസത്തിന് പ്രേരകമാകേണ്ടത്. അത് മാത്രമല്ല, ഇവിടെ ശിഷ്യരെ സംബോധന ചെയ്യുന്നത് തോഴ്മാക്കാരായി മാത്രമാണ്. അവർ മണവാട്ടിയല്ലേ? കാൽവരി ക്രൂശിനും പെന്തെക്കോസ്ത് നാളിനും ശേഷ മാകാം അവരുടെ നില മാറിയത്. ഇനിയും കാത്തിരിപ്പിന്റെ നാളുകൾ നീളുമോ എന്ന ദുഖത്തിൽ കാന്ത ആത്മതപനം ചെയ്യുന്നു. അതാണ് ഉപവാസം. പ്രിയനായി പരതുന്ന ശൂലെമി ഉത്തമഗീതത്തിൽ ഈ സ്നേഹം പ്രതിഫലിപ്പിക്കുന്നു.

### ഉപവാസത്തിന്റെ ഉള്ളടക്കം

എപ്പോഴെങ്കിലുമൊക്കെ കാത്തിരിപ്പിന്റെ വിരസത വർദ്ധിക്കുമ്പോൾ ജീവിതത്തിൽ മറ്റെല്ലാ സാഹചര്യങ്ങളിൽ നിന്നും അകന്നു മണവാളനെ ഓർത്ത് മാത്രം വേറിട്ടിരിക്കുന്നതല്ലേ ഉപവാസം? അപ്പോൾ അവൾക്ക് ഓർക്കുവാനുള്ളത് അവന്റെ വാക്കുകൾ മാത്രം! യേശു പറഞ്ഞു: എന്നാൽ മണവാളൻ അവരെ വിട്ടു പിരിയേണ്ടുന്ന കാലം വരും; അന്ന്, ആ കാലത്ത് അവർ ഉപവസിക്കും (മർക്കോസ് 2:20). ആത്മമനുഷ്യന്റെ യേശുവിനോടുള്ള അനുരാഗത്തിന്റെ വേലിയേറ്റം....അവിടെ കാന്ത തന്റെ ചുറ്റുപാടുകളെ മറക്കുന്നു. കാന്തനെ മാത്രം ധ്യാനിച്ചിരിക്കുമ്പോൾ അവൾക്ക് ആനന്ദമായിരുന്നതെല്ലാം മറന്നുപോകുന്നു. അതാണ് ഉപവാസത്തിൻറെ ഉള്ളടക്കം.

### ഉപവാസത്തിൻറെ ദുർവ്യാഖ്യാനം

കാര്യങ്ങൾ സാധിച്ചെടുക്കുന്നതിന് ഉപവസിക്കേണം എന്ന് വിശദീകരിക്കുവാൻ കണ്ടെത്തുന്ന പുതിയനിയമ വചനം മത്തായി 17:21ൽ ഉണ്ട്. 'എങ്കിലും പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല.'എന്നാൽ ഈ വചനപശ്ചാത്തലം ശ്രദ്ധിച്ച് വായിച്ചാൽ, രോഗസൗഖ്യത്തിനായി വന്ന ചന്ദ്രരോഗിയുടെ പിതാവിനോടല്ല ഇത് യേശു പറഞ്ഞത് എന്ന് മനസ്സിലാക്കാം. തങ്ങൾക്കു എന്തുകൊണ്ട് ആ കുട്ടിയെ സൌഖ്യമാക്കാനായില്ല എന്ന് സ്വകാര്യമായി ചോദിച്ച ശിഷ്യരോടാണ് യേശു ഇത് പറഞ്ഞത്!

താത്കാലികമായി, മറുരൂപമലയിലേക്ക് യേശു മൂന്നു ശിഷ്യരുമായി പോയി. തന്റെ അസാന്നിദ്ധ്യത്തിൽ, ഹൃദയംകൊണ്ട് ആ സാന്നിദ്ധ്യം കണ്ടെത്താതിരുന്ന, താഴ്‌വാരത്തിലുണ്ടായിരുന്ന, സൗഖ്യം നൽകുവാൻ പരാജിതരായ ഒൻപതു പേരടങ്ങുന്ന ഒരു കൂട്ടം. അവരോടാണ്, ദൈവരാജ്യശുശ്രൂഷയുടെ വിജയത്തിന് പ്രാർത്ഥനയുടെ യും ഉപവാസത്തിന്റെയും ആവശ്യകതയെപ്പറ്റി യേശു പറയുന്നത്. നിങ്ങൾക്ക് ഉപവാസവും പ്രാർത്ഥനയും ഇല്ലെങ്കിൽ ഇത്തരം ശക്തികളെ ഒഴിവാക്കാനാവില്ല എന്നതാണ് ഈ ഭാഗം നൽകുന്ന സന്ദേശം. അതുകൊണ്ട് കാര്യസാധ്യങ്ങൾക്കായി ഉപവസിക്കുകയെന്നതിനേക്കാൾ കർത്താവിന്റെ ഹിതത്തിലേക്ക് നമ്മെ അടുപ്പിക്കുന്നതിനാകണം നമ്മുടെ ഉപവാസങ്ങൾ. അപ്പോസ്തോലരുടെ ആത്മിക ശുശ്രൂഷയുടെ വിജയാപജയങ്ങൾ ഉപവാസത്തെയും പ്രാർത്ഥനയേയും ആശ്രയിച്ചിരിക്കുന്നു എന്നതാണ് ഈ ഭാഗം നമുക്ക് നൽകുന്ന അർത്ഥം.

### ഉപവാസത്തിന്റെ അപ്പോസ്തോലികവശം

അന്ത്യോക്ക്യയിലെ സഭയിൽ ചിലർ ഉപവസിക്കുന്നു (അപ്പൊ. 13:12). അവിടെയും ശുശ്രൂഷ സംബന്ധമായ ഇടപെടലാണ് ദൃശ്യമാകുന്നത്. വിശാല അർത്ഥത്തിൽ, ആത്മീയ കാരണത്തിനാണ് അവർ ഉപവസിച്ചതു എന്ന് കരുതാം. മറുപടിയായി പരിശുദ്ധാത്മാവ് ചിലരെ അവരുടെ ശുശ്രൂഷ വ്യക്തമാക്കി അതിനായി പ്രാർത്ഥിച്ചു വേർതിരിക്കുവാൻ നിയോഗം നൽകുന്നു. ആത്മീയവശം ക്രമീകരിക്കപ്പെടുമ്പോൾ ഇതര ഭാഗങ്ങൾ ക്രമമാക്കപ്പെടുമെന്നു ഒരു ആന്തരികസത്യം ഇവിടെയുണ്ട്. അകത്തെ മനുഷ്യൻ ദൈവനിയോഗം തിരിച്ചറിഞ്ഞ്, യേശുവിനോടുള്ള സ്നേഹത്തിനായി മാത്രം ഹൃദയത്തെ ഏകാഗ്രമാക്കുന്ന, ആത്മീയ വളർച്ച പ്രാപിക്കുന്ന നിമിഷങ്ങളായി നമ്മുടെ ഉപവാസങ്ങൾ മാറട്ടെ.

നമ്മുടെ ഭൗതീക ആവശ്യങ്ങളുടെ നിവർത്തിക്കായി, ദൈവത്തിന്റെ മനസ്സ് മാറ്റുന്നതിനുള്ള നമ്മുടെ ഭീഷണികളായി, ധർണ്ണകളായി, യജ്ഞങ്ങളായി ഉപവാസത്തെ ചിത്രീകരിക്കുന്ന വചനാടിസ്ഥാനമില്ലാത്ത രീതികളോട് വിടപറയാം. അനുതാപം, അനുസരണം, വിനയം, സത്യസന്ധത, വിശ്വസ്തത, തുടങ്ങിയ ആന്തരിക മൂല്യങ്ങൾക്കായി നിലകൊള്ളുന്നവരുടെ നന്മ മാത്രമാണ് ദൈവം ആഗ്രഹിക്കുന്നത്. അതുകൊണ്ട് ദൈവഹിതം നിവർത്തിക്കുവാനുള്ള ശുദ്ധീകരണത്തിനായുള്ള മാറ്റം നമ്മിലാണ് ഉണ്ടാകേണ്ടത്. അതിനായി ഉപവസിക്കാം. ഉപവാസത്തിലൂടെ ദൈവഹിതപ്രകാരമുള്ള ശുദ്ധീകരണം, ക്രിസ്തുവിനോടുള്ള അനുരാഗം ഇവ നമ്മിൽ വർദ്ധിക്കുമ്പോൾ നമ്മുടെ മാനുഷിക പ്രശ്നങ്ങൾക്ക് സ്വാഭാവികമായി പരിഹാരം വരും. ദൈവത്തെ കാര്യങ്ങൾ ധരിപ്പിക്കാനും ദൈവത്തിൻറെ മനസ്സ് മാറ്റുവാനു മുള്ള ഉപാധികളായി ഉപവാസത്തെ കാണുന്ന ബാലിശമായ സമീപനങ്ങൾ നമുക്ക് അവസാനിപ്പിക്കാം. .

## കർത്താവിൽ നിദ്ര പ്രാപിച്ചവർ



**പി.സി. സഖറിയ (85)**

(ആനന്ദ് ബേബിച്ചായൻ)

പുന്നമൂട്ടിൽ – പുത്തൻപുരയ്ക്കൽ

റാന്നി

(Father of Sr. Sumol Sunny IPC Bahrain)

# MEPC ANNUAL CONVENTION


















## MEPC - 2019
## COMMON WORSHIP MEETING

Venue: AM Hall, St. Christopher Cathedral
Date: Sunday, 7th April 2019
Time: 7.15pm
Guest Speaker: Pr. Titus Johnson (Bihar)

For more details:
Pr. Mathan Samuel
38885701
Br. Yohannan Pappachan
37755103

## പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത പ്രാർത്ഥനാ വിഷയങ്ങളുമായി നിങ്ങൾ ഭാരപ്പെടുന്നുവോ?

ദൈവഹിത പ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ നിങ്ങളുടെ വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കും.

*Hello Hope* **Prayer Cell**

+973 3355 2886
+973 3933 6575
+973 3838 3399
+973 1787 71 71
hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങളും വ്യക്തികളേയും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

“ഹലോ ഹോപ്പ്” ജേർണലിൽ വരുന്ന എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും പരസ്യങ്ങളിലേയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും പൂർണ ഉത്തരവാദിത്വം എഴുത്തുകാർക്കും പരസ്യദാതാക്കൾക്കും മാത്രമാണ്.

-എഡിറ്റർ-

Views and opinions expressed in various articles, features and advertisements in “Hello Hope” are only of the writers and advertisers and not necessarily of the publishers.

-Editor-

സ്ഥലപരിമിതി മൂലം വളരെയധികം ലേഖനങ്ങളും മറ്റ് രചനകളും ഈ ലക്കത്തിലും ചേർക്കാൻ കഴിയാതെ പോയതിൽ ഖേദിക്കുന്നു.

നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾക്ക് എഴുതുക:
Hello Hope Journal
P.O. Box :10489
Kingdom of Bahrain
hhgulfnews@gmail .com
00973 38383399

*HH Inbox*


ഹലോ ഹോപ്പിൽ നിങ്ങളുടെ ചർച്ചിന്റെ സ്പെഷ്യൽ മീറ്റിംഗുകൾ, കൺവെൻഷനുകൾ, മാട്രിമോണിയൽ, ബർത്ത്ഡേ വിഷസ്, വെഡിംഗ് ആനിവേഴ്സറി, മറ്റു പരസ്യങ്ങൾ മുതലായവ മിതമായ നിരക്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്.

Contact:
**+973 33552886**



HH STEERING

Exclusive Gulf Representative
PHOENIX MARKETING & CREATIONS W L L

Managing & Responsible Editor: **Dr. Cherian Mathews**, Chief Editor: **Rajeev Stuvert**, Creative Editor: **Georgekutty Sebastian**
Correspondents: **Roy Mathews, Joju Joseph, Anil Thomas, Shalvi George, Jibin Mathew,** Printed & Published by: Phoenix Publishing House, 2A Princeton, Skyline Ivy League, Kakkanad, Kochi, Kerala, India, Pin 682030 Tel: +91 9947877914
Licence# RNI No.KERMAL/2017/469833/ERN



© Copyright reserved. The concept and content of this publication remain the exclusive property of Phoenix Publishing House and must not be reproduced in any form whatsoever without prior permission. Every effort has been made to ensure the accuracy of the information contained in this publication. However, Phoenix Publishihg House cannot accept legal responsibilty for any error or omission.